2



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ

ഡോ. എ എം ഉണ്ണികൃഷ്ണൻ

Volume 2

MALAYALAM LANGUAGE
Chattampiswami Patanangal (3 Vols.)

STUDY
*Edited by* Dr. A. M. Unnikrishnan

Rights Reserved
First Published September 2021

PUBLISHERS
P. K. Parameswaran Nair Smaraka Trust, Thiruvananthapuram,

D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Chattampiswami patanangal
3V., 2792p., 21cm.
ISBN 978-93-5432-836-7
Editor: A. M. Unnikrishnan
1. Malayalam Literature. 2. Study. 1. Unnikrishnan A. M.
894.812.09—dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-836-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

461/21-22-Sl.No. 21938-dcb 7834-800-87676-09-21 hn 60-p na-r(t) ds-d(t) hm

# ഉള്ളടക്കം

## വാല്യം രണ്ട്

### 6. ഗവേഷണവിജ്ഞാനീയം


**യുക്തിചിന്തയുടെ സൂര്യതേജസ്സ്** 939
ഡോ. വി സി ശ്രീജൻ

**മലയാളധൈഷണികചരിത്രത്തിൽ** 951
ഡോ. എം ശ്രീനാഥൻ

**അന്തർവൈജ്ഞാനികത** 961
പ്രവീൺരാജ് ആർ എൽ.

**ജ്ഞാനമണ്ഡലവും സ്രോതസ്സുകളും** 967
കീർത്തി വിദ്യാസാഗർ

**ഗവേഷണവഴി** 1016
ഇ കെ പ്രേംകുമാർ

**ആദിഭാഷാഗവേഷണം** 1021
ഡോ. അശോക് ഡിക്രൂസ്

**വേദാധികാരം: രീതിശാസ്ത്രവും ആഖ്യാനവും** 1036
ഡോ. സി ഗണേഷ്

**വേദാധികാരനിരൂപണത്തിന്റെ യുക്തി** 1047
ഡോ. മുനീർ ശൂരനാട്

**താർക്കികയുക്തി** 1057
പ്രൊഫ. കെ എസ് ആർ പണിക്കർ

**തർക്കശാസ്ത്രസമീപനങ്ങൾ** 1067
ഡോ. ആദർശ് രത്നാകരൻ

**ഗവേഷകൻ** 1076
ഡോ. ഡി ബഞ്ചമിൻ

**ഗവേഷണപദ്ധതി** 1083
ഡോ. എൻ മുകുന്ദൻ

# 7. ജ്ഞാനനിർമ്മാണവിജ്ഞാനീയം

ചട്ടമ്പിസ്വാമികളും ഹിന്ദുധർമവും
ജി അമൃതരാജ് 1091

ധിഷണയുടെ വിഭുത്വം
ടി ജി മോഹൻദാസ് 1126

രാഷ്ട്രീയദൈവശാസ്ത്രത്തിന്റെ വൈരുദ്ധ്യങ്ങൾ
ഡോ. ടി ടി ശ്രീകുമാർ 1132

സവിശേഷതകളുടെ സർവ്വകലാശാല
ഡോ. ജി രാജേന്ദ്രൻപിള്ള 1158

ആധുനികശാസ്ത്രവും ആദ്ധ്യാത്മികചിന്തകളും
ഡോ. സി ജി രാമചന്ദ്രൻനായർ 1167

ആധുനികമായ വീക്ഷണം
ഡോ. എസ് ബാലരാമകൈമൾ 1182

കേരളത്തിന്റെ വ്യാസശങ്കരൻ
ഡോ. രശ്മി ആർ ആർ. 1190

ജ്ഞാനത്തിനുവേണ്ടി നടത്തിയ വിപ്ലവങ്ങൾ
ഡോ. കവിതാരാജ് എൻ. 1195

ഗവേഷണം
ഡോ. വി രാജീവ് 1200

ഭാഷാശാസ്ത്രജ്ഞൻ
ഡോ. എം ശ്രീനാഥൻ 1216

ഫോക്‌ലോർസംസ്കാരം
ഡോ. സി ആർ അനിത 1251

സ്ത്രീപക്ഷആധുനികത
ഡോ. എം ശ്രീനാഥൻ 1264

പുരാവൃത്തപഠനമാതൃക
ഡോ. എം ശ്രീനാഥൻ 1278

ആധുനികാനന്തരചിന്തയുടെ ആദിദർശനങ്ങൾ
രഘുനാഥൻ പറളി 1290

## 8. ഭാഷാശാസ്ത്രവിജ്ഞാനീയം


**ആദിദ്രാവിഡത്തിൽനിന്നു സംസ്കൃതത്തിലേക്ക്** 1315

ഡോ. പൂജപ്പുര കൃഷ്ണൻനായർ

**പ്രാകൃതം-നാഗഭാഷ -സാഹിത്യഭാഷാചരിത്രത്തിന്റെ ആർക്കിയോളജി** 1341

ഡോ. സുവർണ്ണ നാലപ്പാട്ട്

**ഭാഷാദർശനം** 1357

ഡോ. ആർ വി എം ദിവാകരൻ

**'ആദിഭാഷ'യുടെ ഭാരതീയപഠനസാധ്യത** 1375

ഡോ. പി ശ്രീകുമാർ

**നാമപഠനങ്ങൾ** 1383

ഡോ. സെയ്തലവി സി.

**വൈയാകരണൻ** 1390

രോഹിണി എ എം.


## 9. ഭാഷാവിജ്ഞാനീയം


**വൈജ്ഞാനികമലയാളപ്രതിഷ്ഠ** 1407

ഡോ. നിത്യ പി വിശ്വം

**ശാസ്ത്രീയതയും വൈജ്ഞാനികമലയാളവും** 1420

ഡോ. ടി ജിതേഷ്

**മലയാളത്തിന്റെ വൈജ്ഞാനികപദവിസ്ഥാപനം** 1429

അജീഷ് ജി ദത്തൻ

**ഗദ്യകാരൻ** 1439

ഡോ. എം ജൽസ

**ദേശനാമങ്ങൾ** 1464

ഡോ. കെ എം പ്രിയദർശൻലാൽ

**സ്ഥലനാമപഠനം** 1479

ഡോ. വിളക്കുടി രാജേന്ദ്രൻ

# 10. സാഹിത്യവിജ്ഞാനീയം


**ബ്രഹ്മവിദ്യയിൽ കാവ്യലഹരിയിൽ** 1489
ഡോ. ദേശമംഗലം രാമകൃഷ്ണൻ

**ഗ്രന്ഥപാരായണം ജ്ഞാനാന്വേഷണം** 1495
ഡോ. കെ ജി സുധീർ

**കവിതയിൽ** 1515
ഡോ. ശ്രീജിത് ജി.

**നോവലിൽ** 1531
ഡോ. ശ്രീശൈലം ഉണ്ണികൃഷ്ണൻ

**നാടകത്തിൽ** 1624
ഡോ. രാജാവാര്യർ

**ആട്ടക്കഥയിൽ** 1633
പ്രശാന്ത് നാരായണൻ

**ജീവചരിത്രത്തിൽ** 1638
ജെ സന്ദീപ്

**എ വി ശങ്കരന്റെ ചട്ടമ്പിസ്വാമിസാഹിതീസപര്യ** 1653
ഡോ. വി വി പ്രേമലതാവാര്യർ

**ജഗതി വേലായുധൻനായരുടെ ചട്ടമ്പിസ്വാമിസാഹിത്യം** 1689
ഡോ. റീജാ രവീന്ദ്രൻ

**പി കെ പരമേശ്വരൻനായരുടെ രചന** 1719
ഡോ. ശ്രീലത എം ജി.

**ചട്ടമ്പിസ്വാമികളെക്കുറിച്ചുള്ള ആദ്യത്തെ മലയാളകാവ്യം** 1722
പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

**തമിഴിൽ** 1730
കെ ഗോമതിയമ്മാൾ

**സംസ്കൃതത്തിൽ - ഒന്ന്** 1739
ഡോ. ജി അശോകൻ

**സംസ്കൃതത്തിൽ - രണ്ട്** 1745
ഡോ. ലക്ഷ്മീ വിജയൻ വി ടി.

**ഹിന്ദിയിൽ** 1756
ഡോ. കെ സി അജയകുമാർ

**ഇംഗ്ലീഷിൽ - ഒന്ന്** 1767
ആത്മാരാമൻ

**ഇംഗ്ലീഷിൽ - രണ്ട്** 1770
ഡോ. ബി ശ്രീദേവി

**ഇംഗ്ലീഷിൽ - മൂന്ന്** 1791
ഡോ. സുജാകുറുപ്പ് പി എൽ.

# ഭാഷാശാസ്ത്രജ്ഞൻ

ഡോ. എം ശ്രീനാഥൻ

ചട്ടമ്പിസ്വാമികൾ ഭാഷാശാസ്ത്രജ്ഞനമാണോ? രചനകളെ ആധാര
മാക്കി അദ്ദേഹത്തെ ഭാഷാശാസ്ത്രജ്ഞനായി വിലയിരുത്താമോ? എങ്കിൽ
അത്തരത്തിലുള്ള പഠനങ്ങളിനിയും ഉണ്ടാകാത്തതെന്ത്? എന്നിങ്ങനെയുള്ള
സന്ദേഹങ്ങൾക്കു സമാധാനം കാണേണ്ടതുണ്ട്. അതിനായി അദ്ദേഹത്തി
ന്റെ ഭാഷാചിന്തകളെ കണ്ടെത്തി വിശദീകരിക്കുകയും ഭാഷാശാസ്ത്രജ്ഞനെ
ന്ന നിലയിലുള്ള സ്ഥാനം നിർണയിക്കുകയും വേണം. സ്വാമികളുടെ സം
ഭാവനകളെക്കുറിച്ചുള്ള അജ്ഞതയും നമ്മുടെ ഭാഷാപഠനമനോഭാവവുമാണു
ചട്ടമ്പിസ്വാമിയിലെ ഭാഷാശാസ്ത്രജ്ഞനെ തിരിച്ചറിയാതിരിക്കാനുള്ള കാര
ണങ്ങൾ. രചനാകാലത്തു കൃതികൾ അച്ചടിയിലെത്താത്തതും ലഭ്യമായതിനു
ശേഷം അവയ്ക്കു ശരിയായ ഭാഷാശാസ്ത്രവിലയിരുത്തലുകൾ ഉണ്ടാകാത്തതും
ഇവിടെ പരിഗണിക്കാം. മലയാളവ്യാകരണപഠനമായി ഒന്നും നിർവഹി
ച്ചിട്ടില്ല എന്നതും പ്രസക്തംതന്നെ. പ്രാചീനമലയാളം എന്ന കൃതി ഭാഷാപ
ഠനമല്ല. മലയാളദേശത്തിന്റെ പ്രാചീനചരിത്രപഠനമാണ്. ഈ കൃതിയുടെ
രണ്ടാംഭാഗം ബ്രാഹ്മണജാതികളെയും ചില അമ്പലവാസിജാതികളെയും
കുറിച്ചുള്ള പഠനമാണ്. ജാതിനാമങ്ങളുടെ നിഷ്പത്തിയും പദാർത്ഥവും പരി
ശോധിക്കുന്നുണ്ടെങ്കിലും അതൊരു ഭാഷാശാസ്ത്രഗ്രന്ഥമായല്ല കണക്കാക്കു
ന്നത്. 'ആദിഭാഷ'യാണു പ്രത്യക്ഷത്തിൽ ഭാഷാപഠനമായി ക്കാണുന്നത്.
എന്നാൽ, ഇത് അർഹിക്കുന്ന ഗൗരവത്തിൽ പാരായണവിധേയമായി
ട്ടുമില്ല. മറ്റു ഗ്രന്ഥങ്ങളെല്ലാം ഭാഷാപ്രമേയം ഉൾക്കൊള്ളുന്നവയുമല്ല. അവ
യിലുൾച്ചേർന്നിരിക്കുന്ന ഭാഷാശാസ്ത്രജ്ഞാനത്തെ തെളിച്ചെടുക്കാനുള്ള
ശ്രമവുമുണ്ടായിട്ടില്ല. തന്മൂലം അറിയപ്പെടുന്ന മലയാളഭാഷാശാസ്ത്രചരിത്ര
ത്തിലോ ദ്രാവിഡഭാഷാശാസ്ത്രചരിത്രത്തിലോ സ്വാമികളുടെ സാന്നിധ്യവും
ഉണ്ടായില്ല. ആധുനികഭാഷാശാസ്ത്രം വളർച്ചനേടിയതു സ്വാമികളുടെ സമാ
ധിക്കുശേഷമായതുകൊണ്ടാണോ പരിഗണന ലഭിക്കാത്തത്? എങ്കിൽ
ആധുനികഭാഷാശാസ്ത്രപൂർവപഠനങ്ങളുടെ ഭാഗമായി പരിഗണിച്ചിട്ടുണ്ടോ
എന്നുപരിശോധിച്ചാൽ അതുമില്ല. അതായതു ഭാഷാപഠനവുമായി കണ്ണി
ചേർക്കുന്ന ഒരു നോട്ടവും അടയാളപ്പെടുത്തിയിട്ടില്ല. ഇതരകൃതികളിൽനി
ന്നു വ്യത്യസ്തമായ ആദിഭാഷ ഒന്നുകൊണ്ടുമാത്രം സ്വാമികൾ പരിഗണന
അർഹിക്കുന്നുണ്ടെങ്കിലും സ്വാമികളുടെ ഭാഷാചിന്തകളെക്കുറിച്ചു ഡോ. പൂജ
പ്പുര കൃഷ്ണൻനായരുടെ (2019) ഒരു ലേഖനം ഒഴിച്ച് എടുത്തുപറയാവുന്ന ഒരു
അന്വേഷണവും ഉണ്ടായിട്ടില്ല. മലയാളഭാഷാശാസ്ത്രവിജ്ഞാനീയത്തിലെ
ഈ അസാന്നിധ്യം തിരിച്ചറിയേണ്ടതുണ്ട്. ഇതിലേക്കായി സ്വാമികളുടെ
രചനാകാലത്തെയും അതിനുമുൻപുണ്ടായതുമായ ഭാഷാപഠനസന്ദർഭത്തി

ല്ലം അദ്ദേഹത്തിന്റെ ഭാഷാചിന്തകൾ പരിശോധിക്കേണ്ടതുണ്ട്.

**ചട്ടമ്പിസ്വാമികളും ഭാരതീയഭാഷാപഠനസന്ദർഭവും**

സ്വാമികളുടെ രചനാപശ്ചാത്തലമായി ഭാരതീയഭാഷാപഠനചരിത്രം പരിശോധിക്കുമ്പോൾ സംസ്കൃതപ്രാകൃതതമിഴ്വ്യാകരണപാരമ്പര്യങ്ങളാണ് അദ്ദേഹത്തിനു പരിചിതമായിരുന്നതെന്നു മനസ്സിലാക്കാം. കൊളോണിയൽ - മിഷനറിപാരമ്പര്യങ്ങളുടെ പ്രകടമായ സാന്നിധ്യം ഇല്ലെങ്കിലും അക്കാലത്തെ പാശ്ചാത്യഭാഷാപഠനങ്ങളുടെ സമീപനം കാണാം. എന്നാൽ മലയാളഭാഷാപഠനങ്ങൾ സ്വാമികളെ സ്വാധീനിച്ചിട്ടില്ല എന്നതും വ്യക്തമാണ്.

**സംസ്കൃതവ്യാകരണസ്വാധീനത**

പാണിനിയെയും പതഞ്ജലിയെയും ആദിഭാഷയിൽ പരാമർശിക്കുന്നുണ്ട്. അക്ഷരനിരൂപണത്തിൽ സ്വര-വ്യഞ്ജനങ്ങളുടെ ഉച്ചാരണം സ്പഷ്ടമാക്കുന്നതിനായി പാണിനീയസൂത്രങ്ങളും ശിക്ഷാശ്ലോകങ്ങളും പതഞ്ജലീഭാഷ്യവും മഹേശ്വരസൂത്രവും ഉദ്ധരിക്കുന്നുണ്ട്. സംസ്കൃതസന്ധികളുടെ വിവരണം പാണിനീയസൂത്രാടിസ്ഥാനത്തിലുള്ളതാണ്. പൊതുവിൽ സംസ്കൃതവൈയാകരണന്മാരും സവിശേഷമായി പാണിനിയും ഭർത്തൃഹരിയുമാണ് പദവ്യവസ്ഥാനിരൂപണത്തിൽ കടന്നുവരുന്നത്. ലിംഗവചനവിഭക്തിപ്പരിശോധനയിൽ പാണിനിയും പതഞ്ജലിയും പരാമർശിക്കപ്പെടുമ്പോൾ ധാതുനിരൂപണം പാണിനിയെ മാത്രം അവലംബിച്ചുള്ളതാണ്. തമിഴ് -സംസ്കൃതാദിതാരതമ്യത്തിൽ മഹേശ്വരസൂത്രങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ സംസ്കൃതവ്യാകരണപാരമ്പര്യത്തിലെ ശിക്ഷയും നിരുക്തവും സ്വാമികളുടെ ഭാഷാപഠനത്തെ സ്വാധീനിച്ചിട്ടുണ്ടെന്നു വ്യക്തമാണ്.

**പ്രാകൃത-വ്യാകരണപരിചയം**

സ്വാമികൾക്കു പ്രാകൃതവ്യാകരണപാരമ്പര്യവുമായും അടുത്ത പരിചയം ഉണ്ടായിരുന്നുവെന്ന് ആദിഭാഷ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അക്ഷരനിരൂപണത്തിൽ വരരുചിയുടെ പ്രാകൃതപ്രകാശം, ഹേമചന്ദ്രവ്യാകരണം, പ്രാകൃതചന്ദ്രിക എന്നിവയുടെ ചിന്താസാന്നിധ്യം പ്രകടമാണ്.

**തമിഴ്വ്യാകരണപരിചയം**

സ്വാമികൾക്ക് തൊൽകാപ്പിയം, നന്നൂൽ എന്നിവയുമായി നല്ലപരിചയമുണ്ടായിരുന്നു. ആവശ്യാനുസരണം അവയെ പഠനത്തിൽ പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്.

**സ്വാമികളും മലയാളഭാഷാപഠനസന്ദർഭവും**

മലയാളഭാഷയുടെ പഠനചരിത്രം ലീലാതിലകത്തിലാരംഭിച്ചു. മണിപ്രവാളലക്ഷണഗ്രന്ഥമായ ലീലാതിലകത്തിലെ രണ്ടാംശില്പത്തിൽ അധികാക്ഷരങ്ങൾ, വിഭക്തി, വചന, ലിംഗപ്രത്യയങ്ങൾ, ക്രിയാ രൂപങ്ങൾ എന്നിവയും മൂന്നാംശില്പത്തിൽ സന്ധിവിവരണവും ചർച്ചചെയ്യുന്നുണ്ട്.

ലീലാതിലകാനന്തരമുള്ള മലയാളഭാഷാപഠനം പ്രധാനമായും മിഷനറി പാരമ്പര്യത്തിന്റേതാണ്. ഭാഷാപഠനസഹായികളായി ആഞ്ചലോ ഫ്രാൻസിസ്, റോബർട്ട് ഡ്രമ്മണ്ട്, എഫ് സ്പ്രിങ്, ജോസഫ് പീറ്റാദികളുടെ വകയായി ചില അപൂർണ്ണവ്യാകരണങ്ങൾ ഉണ്ടായി. ഹെർമൻ ഗുണ്ടർട്ട് (1851-1868), (പരിഷ്കരിച്ച പതിപ്പ്) രചിച്ച മലയാളഭാഷാവ്യാകരണം, ജോർജ്ജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണം (1863), പാച്ചുമൂത്തതിന്റെ കേരളഭാഷാവ്യാകരണം (1877), കോവുണ്ണി നെടുങ്ങാടിയുടെ കേരളകൗമുദി (1878) എന്നിവ കേരളപാണിനീയത്തിനു മുൻപുണ്ടായവയാണ്. 1896ൽ കേരളപാണിനീയത്തിന്റെ സൂത്രവൃത്തിരൂപത്തിലുള്ള പതിപ്പിറങ്ങി. ഇതെക്കുറിച്ചു കാത്യായനൻ, പതഞ്ജലി, കെ കൃഷ്ണമേനോൻ എന്നിവർ നടത്തിയ സംവാദങ്ങൾ വിദ്യാവിനോദിനിയിലും 1898 മുതൽ 1900 വരെ ഭാഷാപോഷിണിയിൽ വന്ന ശേഷഗിരിപ്രഭുവിന്റെ വിമർശനങ്ങളും ആദ്യകേരളപാണിനീയചർച്ചയെ സജീവമാക്കി (എം ശ്രീനാഥൻ, സെയ്ത്തലവി സി. 2017). പരിഷ്കരിച്ച കേരളപാണിനീയം 1816-17 ൽ പ്രസിദ്ധീകരിച്ചു. സൂത്രാദിസ്ഥാനത്തിൽ എ ആർ രചിച്ച കേരളകേരളപാണിനീയമോ അതെക്കുറിച്ചുണ്ടായ ചർച്ചകളോ ഒന്നും തന്നെ സ്വാമികളെ സ്വാധീനിച്ചുവെന്നതിനു തെളിവില്ല. സ്വാമികൾ സജീവനായി പ്രവർത്തിച്ചിരുന്ന കാലത്താണു മേല്പറഞ്ഞ മലയാളഭാഷാപഠനങ്ങൾ നടന്നത്. ഈ പഠനങ്ങൾ ഒന്നും ഒരു തരത്തിലുള്ള പരിചയവും സ്വാധീനതയും ഉണ്ടാക്കിയില്ലെന്നു മാത്രമല്ല, മലയാളഭാഷയെ രചനാമാധ്യമമെന്ന നിലയിലല്ലാതെ സവിശേഷപ്രാധാന്യം നല്കി പഠനവിധേയമാക്കിയിട്ടുമില്ല. വ്യാകരണപഠനത്തോടൊപ്പം നിഘണ്ടുവിജ്ഞാനവും മലയാളത്തിൽ ശക്തിപ്രാപിച്ചിരുന്നു. ഗുണ്ടർട്ട് തയ്യാറാക്കിയ മലയാളംഇംഗ്ലീഷ്നിഘണ്ടു അക്കാലത്തെ ഒരു മികച്ച മുന്നേറ്റമായിരുന്നു. ബെയിലി, കോളിൻസ് തുടങ്ങിയുള്ളവരുടെ സംഭാവനകളും പ്രധാനമാണ്.

## പാശ്ചാത്യഭാഷാശാസ്ത്രപരിചയം

1916 ൽ ആധുനികഭാഷാശാസ്ത്രം ഉദയം ചെയ്തെങ്കിലും അതിനുമുൻപുള്ള പാശ്ചാത്യഭാഷാപഠനത്തിനു സുദീർഘമായ ഒരു കാലഘട്ടം ഉണ്ട് (എം ശ്രീനാഥൻ 1991). പാശ്ചാത്യമാതൃക ഇന്ത്യയിൽ നടപ്പായതു മിഷനറിവ്യാകരണങ്ങളിലൂടെയും നിഘണ്ടുനിർമിതിയിലൂടെയുമാണ്. കൂടാതെ, സർ വില്യം ജോൺസിന്റെ ഭാഷാകുടുംബത്തെക്കുറിച്ചുള്ള ആശയവും താരതമ്യസമീപനവും ഇന്ത്യയിലെ ഭാഷാപഠനത്തിന്റെ പ്രബലമായ ഒരു ധാരയാണ്. സംസ്കൃതകേന്ദ്രിതമായി നടന്ന ഭാഷാകുടുംബസങ്കല്പനം ഭാരതത്തിലെ ഇതരഭാഷകൾ സംസ്കൃതജന്യമാണ് എന്ന വാദത്തെ ശക്തിപ്പെടുത്തി. പ്രബലമായ ഒരു വിശ്വാസമായി ഈ വാദം അക്കാലത്തു നിലനിന്നിരുന്നു. കോൾബ്രൂക്കും വില്യംകാരിയും അടക്കമുള്ള ഭാഷാപണ്ഡിതർക്കിടയിൽപ്പോലും ഇതുതന്നെയായിരുന്നു വിശ്വാസം. സംസ്കൃതജന്യവാദത്തെ എതിർത്ത് ഭിന്നാഭിപ്രായം ആദ്യമായി രേഖപ്പെടുത്തിയത് ഫ്രാൻസ് വൈറ്റ് എലിസായിരുന്നു (1816). എലിസ് മുന്നോട്ടുവച്ച ദക്ഷിണേന്ത്യൻഭാഷാകുടുംബാശയം

നാല്പതുവർഷങ്ങൾക്കു ശേഷം വിപുലീകരിച്ച ദ്രാവിഡഭാഷാകുടുംബം നിർവചിച്ചെടുക്കാൻ റോബർട്ട് കാൽഡ്വെലിനായി (1856). സംസ്കൃതജന്യവാദത്തെത്തന്നെയാണു സ്വാമികളും ഫ്രാൻസിസ് വൈറ്റ്എലിസിനും റോബർട്ട് കാൽഡ്വെലിനും ശേഷം നേരിട്ടത്.

അവർ അവതരിപ്പിച്ച സംസ്കൃതജന്യവിരുദ്ധമായ ഭിന്നഭാഷാകുടുംബവാദത്തെ സൂക്ഷ്മവത്കരിക്കാനുള്ള ശ്രമമാണു സംസ്കൃത-തമിഴ്‌വ്യാകരണവൈജാത്യങ്ങളെക്കുറിച്ചുള്ള താരതമ്യാന്വേഷണത്തിൽ സ്വാമികളെ എത്തിച്ചത്. പൂർവ്വസൂരികളായ സർ വില്യം ജോൺസ്, എലിസ് കാൽഡ്വെൽ എന്നിവരെക്കുറിച്ചൊന്നും സ്വാമികൾ പരാമർശിക്കുന്നില്ല. ആദിഭാഷ കണ്ടെത്താനുള്ള തമിഴ്-സംസ്കൃതഭാഷാവ്യവസ്ഥാപഠനത്തിൽ അവലംബിച്ച താരതമ്യസമീപനം കാരണം അക്കാലത്തു നിലനിന്ന പ്രബലഭാഷാപഠനവുമായി പരിചയമില്ലെന്നു കണക്കാക്കാനാവില്ല. കേരളത്തിലെ ദേശനാമങ്ങളെക്കുറിച്ചുള്ള പഠനത്തിൽ കാൽഡ്വെലിന്റെ പരാമർശം കാണുന്നുമുണ്ട്.

'ഇവിടെ കിഴക്കെന്നും മേക്കെന്നുമാണെല്ലോ പൂർവ്വപശ്ചിമദിക്കുകൾക്ക് പറഞ്ഞുവരുന്നത്. കിഴക്ക്മേക്ക് ഈ വാക്കുകൾ തമിഴ്ഭാഷയിൽപെട്ടതാണ്. കിഴക്കെന്നുള്ളതു കീഴ് എന്നുള്ളതിൽനിന്നും മേക്ക് മേൽ എന്നുള്ളതിൽനിന്നും ഉണ്ടായവയാകുന്നു. പർവതത്തിനു കിഴക്കായി സ്ഥിതിചെയ്യുന്ന പാണ്ടിദേശത്ത് സമുദ്രം കിടക്കുന്നതും സൂര്യൻ ഉദിക്കുന്നതുമായ ഭാഗം കിഴക്കും പർവ്വതഭാഗമായ മേൽഭാഗം മേക്കുമാണ്. ഈ മുറയ്ക്ക് മലയാളദേശത്തുള്ള പർവ്വതങ്ങളുടെ ഭാഗം മേൽഭാഗവും സമുദ്രം കിടക്കുന്ന താഴ്ന്ന ഭാഗം കീഴ്ഭാഗവുമാണ്. നാം ഇപ്പോൾ പറഞ്ഞുവരുന്ന കിഴക്ക് എന്നുള്ള ഭാഗം നമുക്ക് മേക്കും മേക്കെന്നുള്ള ഭാഗം നമുക്ക് കിഴക്കുമാണ്. എന്നാൽ നാം പറഞ്ഞും ധരിച്ചും വരുന്നതു മേക്കിനെ കിഴക്കെന്നും കിഴക്കിനെ മേക്കെന്നും വിപരീതമാക്കിയാണ്. ഇത് പാണ്ടിക്കാരോടു നമുക്കുള്ള അധിസംസർഗ്ഗം ഹേതുവായിട്ടു വന്നുപോയതായിരിക്കണം'. കാൽഡ്വെൽ അവതരിപ്പിച്ച ആശയമാണിത്. അതുകൊണ്ടുതന്നെ സ്വാമികൾക്കു കാൽഡ്വെലിന്റെ താരതമ്യദ്രാവിഡവ്യാകരണവുമായി പരിചയം ഉണ്ടായിരുന്നുവെന്നു തെളിയുന്നു. ഈ ഗ്രന്ഥത്തിൽ സംസ്കൃതത്തിൽനിന്നു ദ്രാവിഡഭാഷകൾക്കുള്ള മൗലികമായ വ്യതിരിക്തതകൾ എടുത്തുപറഞ്ഞിട്ടുണ്ട്. അതോടൊപ്പം സിഥിയൻഭാഷകളുമായുള്ള ദ്രാവിഡഭാഷകളുടെ അടുപ്പവും വിശദീകരിക്കുന്നുണ്ട്. ആദിഭാഷയിൽ പ്രധാനമായും സംസ്കൃതവും തമിഴും തമ്മിലുള്ള സ്വത്വഭിന്നത വെളിവാക്കുകയാണു സ്വാമികൾ ചെയ്യുന്നത്. എന്നാൽ സ്വാമികളുടെ നിരീക്ഷണം കാൽഡ്വെലിന്റെ നിരീക്ഷണങ്ങളുടെ ആവർത്തനമല്ല; മറിച്ച്, സ്വാമികളുടെ സ്വതന്ത്രമായ നിരീക്ഷണപാടവം അതിൽ വ്യക്തമാകുന്നുണ്ട്. ചരിത്രപരമായി നോക്കുമ്പോൾ കാൽഡെലിന്റെ പഠനത്തിന്റെ തുടർച്ചയായുള്ള പഠനമാണു സ്വാമിയുടേതെന്നു വ്യക്തമാകുന്നു. പാശ്ചാത്യ ചിന്തയുടെ മറ്റൊരു അംശം 'ആദിഭാഷ' യുടെ പ്രാരംഭത്തിൽ സൂചിപ്പിക്കുന്ന ഭാഷോ

ത്പത്തിവാദമാണ്. വീചിതരംഗന്യായവും കദംബമുകുളന്യായവും അക്കാലത്തു സജീവമായിരുന്ന പാശ്ചാത്യചിന്തയെ സൂചിപ്പിക്കുന്നുണ്ട്.

മേൽവിവരിച്ച ഭാഷാപഠനചരിത്രത്തിന്റെ പശ്ചാത്തലത്തിൽ സ്വാമികളുടെ ഭാഷാസംഭാവനകളെ അടുത്തറിയുമ്പോൾ അവ ദ്രാവിഡഭാഷാശാസ്ത്രത്തിന്റെ ഭാഗമാണെന്നു നിസ്സംശയം പറയാം. എലിസിനും റോബർട്ട് കാൽഡ്വെലിനും ശേഷം നടന്ന ദ്രാവിഡഭാഷാപഠനമാണിത്. സംസ്കൃതമേധാവിത്വത്തെ ഖണ്ഡിച്ചു പൂർവദ്രാവിഡഭാഷയാണ് ആദിഭാഷ എന്ന് ഉറപ്പിക്കുകയും ചെയ്യുന്ന പഠനമാണ് സ്വാമികൾ നടത്തിയത്. പക്ഷേ ആദിഭാഷയെക്കുറിച്ചുള്ള ഈ അന്വേഷണം മലയാളമാധ്യമത്തിൽ ആയതുകൊണ്ടാകാം ലോകം ഇതെക്കുറിച്ച് അറിയാതെ പോയത്. പൂർവദ്രാവിഡത്തെ മനുഷ്യവർഗ്ഗത്തിന്റെ ആദിഭാഷയായി ഉയർത്തിക്കാണിച്ചുവെന്നതാണ് ഈ പഠനത്തിന്റെ ഒരു സവിശേഷത. ഈ ഭാഷാദർശനത്തിന്റെ സാധുത പരിശോധിക്കാനുള്ള ശ്രമം പോലും ഉണ്ടായിട്ടില്ല. ഇത് പൂർണ്ണമായും അവഗണിക്കാവുന്നതാണെന്ന് തെളിയുന്നതുവരെ ദർശനം പ്രസക്തമാണ്. നിലവിലെ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇത് കേവലം ഭാവനാത്മകമാണെന്ന് കണ്ടെത്തിയാലും നൂറുവർഷങ്ങൾക്കു ശേഷം ഉണ്ടാകുന്ന ശാസ്ത്രദർശനമേ ആകൂ. അതൊരിക്കലും സ്വാമികളുടെ ഭാഷാപഠനത്തിന്റെ ചരിത്രസാധുത ഇല്ലാതാക്കുന്നില്ല. അതായത് സ്വാമികളുടെ സംഭാവന ദ്രാവിഡഭാഷാശാസ്ത്രത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നുവെന്നു മാത്രമല്ല, അതിനു ചരിത്രപ്രാധാന്യമുണ്ടെന്നും തെളിയുന്നുണ്ട്.

മലയാളഭാഷയെക്കുറിച്ചുള്ള പഠനത്തിന്റെ പ്രകടമായ അഭാവം കൊണ്ടാണ് സ്വാമികൾ മലയാളഭാഷാശാസ്ത്രത്തിന്റെ ഭാഗമാകാത്തത് എന്ന് ചിലരെങ്കിലും വാദിക്കാം. വ്യാകരണരചന നടത്തിയിട്ടില്ല എന്നതാകാം ഇത്തരം ഒരു വാദത്തിനു പിന്നിലെ തോന്നൽ. മലയാളവ്യാകരണരചന ചെയ്താൽ മാത്രമേ മലയാളഭാഷാപഠനചരിത്രത്തിന്റെ ഭാഗമാകു എന്നുണ്ടോ? വ്യാകരണരചനയില്ലെങ്കിൽ പിന്നെ എന്താണ് സ്വാമികളുടെ സംഭാവന എന്നും സന്ദേഹം ഉണ്ടാകാം. സ്വാമികളുടെ സംഭാവനകളെക്കുറിച്ചറിഞ്ഞാലേ എന്താണ് മലയാളഭാഷയ്ക്കും ദ്രാവിഡഭാഷാകുടുംബത്തിനും ലഭിച്ച മൂലധനം എന്നു വെളിപ്പെടൂ.

ഭാഷാവിഷയം കേന്ദ്രപ്രമേയമായിരിക്കുന്ന രചനയാണ് 'ആദിഭാഷ'. അതാകട്ടെ, താരതമ്യസമീപനം മലയാളത്തിൽ ആദ്യമായി നടപ്പാക്കിയതിനുള്ള തെളിവാണ്. ദേശനാമപഠനം, സ്ഥാനനാമപഠനം എന്നീ മേഖലകളിൽ അദ്ദേഹം നടത്തിയ പഠനങ്ങൾ പദവ്യാകരണപഠനത്തിലും പദോത്പത്തിവിജ്ഞാനത്തിലും സാമൂഹികഭാഷാശാസ്ത്രത്തിലും മലയാളത്തിൽ ഉണ്ടായ ആദ്യപഠനമാതൃകകളാണ്. പ്രാചീനകേരളം രണ്ടാംഭാഗത്തിൽ എമ്പ്രാൻ, നമ്പൂരി, പോറ്റി, മൂസ്സത്, ശാസ്ത്രനമ്പൂരി എന്നിങ്ങനെ വിവിധവിഭാഗങ്ങളുടെ നാമനിഷ്പത്തി വിവരിക്കുന്നുണ്ട്. പ്രാചീനകേരളം ഒന്നാംഭാഗത്തിലും ശൂദ്രശബ്ദം ഉൾപ്പെടെ പല പദങ്ങളുടെയും ഉത്പത്തി പരിശോധനാ

വിഷയമായിട്ടുണ്ട്. പദനിരുക്തിയുടെ പ്രാധാന്യം ചരിത്രനിർമ്മിതിയിൽ എപ്രകാരമാണെന്നു തെളിയിക്കാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്. ഈ സമ്പ്രദായം സ്വീകരിച്ചുകൊണ്ടുള്ള ചരിത്രരചന അക്കാലത്തു മലയാളത്തിൽ നടപ്പില്ലായിരുന്നില്ലാ എന്നതു പ്രത്യേകം ഓർക്കേണ്ടതാണ്.

പദാർത്ഥചിന്തയ്ക്കു പ്രാധാന്യം നല്കുന്ന രീതി അദ്ദേഹത്തിന്റെ രചനകളെ സമ്പുഷ്ടമാക്കുന്നു. പദാർത്ഥവും പദനിഷ്പത്തിയും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പൂർവ്വപക്ഷഖണ്ഡനം മലയാളത്തിൽ ആദ്യമായി അവതരിപ്പിച്ച ഗവേഷണമികവായിരുന്നു. 'ഒരു വസ്തുവിന്റെ പൂർണമായ ബോധം ഉണ്ടാകണമെങ്കിൽ അതിനുള്ള പല നാമങ്ങളുടെ അർത്ഥത്തെയും ഉദ്ദേശ്യത്തെയും ഒന്നായിചേർത്തു യോജിപ്പിക്കുകയെന്ന് ആവശ്യമാകും' എന്നാണു സ്വാമികളുടെ പക്ഷം. പര്യായബന്ധം, ബഹ്വർത്ഥകത, അർത്ഥഘടന, താത്പര്യാർത്ഥം എന്നിങ്ങനെ അർത്ഥവിജ്ഞാനത്തിന്റെ പരിധിയിലുള്ള പല ഘടകങ്ങളും സ്വാമികളുടെ പഠനങ്ങൾക്ക് ഉൾക്കരുത്തേകുന്നുണ്ട്. ഉപാദാനശേഖരണം, സാധ്യമായ പൂർവ്വപക്ഷപരിശോധന, യുക്തിപൂർവമുള്ള വിചാരണയും ഖണ്ഡനവും, ശാസ്ത്രീയത സ്ഥാപിച്ചെടുക്കൽ എന്നിങ്ങനെ എണ്ണിപ്പറയാവുന്ന രീതിശാസ്ത്രമികവുകളേറെയുണ്ടു സ്വാമികൾ മലയാളത്തിനു സമ്മാനിച്ച ഗവേഷണമാതൃകയ്ക്ക്.

ഭാഷാശാസ്ത്രത്തിന്റെ ഭാഗമായി പില്ക്കാലത്തു വികസിച്ചുവന്ന പല ദർശനങ്ങളുടെയും ബീജം സ്വാമികളുടെ പഠനങ്ങളിൽ കാണുന്നുണ്ട്. ആഖ്യാനത്തിലെ കാര്യകാരണബന്ധം, പൂർവ്വാപരവൈരുധ്യം ഇല്ലാതെ മുൻപിൻപ്രസ്താവങ്ങൾ തമ്മിൽ ഘടിപ്പിക്കുന്ന രീതി എന്നിവ അദ്ദേഹത്തിന്റെ രചനാസവിശേഷതയാണ്. ആദിമധ്യാന്തമായ ഇണക്കത്തോടെയുള്ള യുക്തി തത്ത്വം പാലിച്ചുകൊണ്ടാണിത്. പാഠബാഹ്യമായ സന്ദർഭത്തെ പാഠനിഷ്ഠമാക്കുന്ന അപനിർമ്മാണരീതി ഉത്തരഘടനാവാദത്തിന്റെ ഭാഗമായി അറിയപ്പെടുന്നതാണ്. ആയിരത്തിത്തൊള്ളായിരത്തി എൺപതുകളോടെയാണു വിമർശനാത്മകവ്യവഹാരാപഗ്രഥനരീതി സാർവത്രികമായി അംഗീകാരം നേടിയത്. എന്നാൽ സ്വാമികളുടെ രചനാതന്ത്രം തന്നെ വ്യവഹാരാപഗ്രഥനമായിരുന്നു. താർക്കികയുക്തി അടിസ്ഥാനമാക്കിയുള്ള പൂർവ്വപക്ഷവ്യവഹാരവിചാരണയും യുക്തിഭദ്രമായ ബദൽവ്യവഹാരനിർമിതിയുമായിരുന്നു സ്വാമികൾ പ്രയോഗത്തിൽ വരുത്തിയത്. ഇത്തരത്തിൽ പ്രയോഗസാധുവായ സമീപനങ്ങൾ ഒന്നും അക്കാലത്തു മലയാളത്തിൽ പരിശോധിച്ചിട്ടുണ്ടായിരുന്നില്ലെന്നറിയുമ്പോഴും ഇന്നുമതു ഗവേഷണത്തിൽ മുഖ്യമാണെന്നറിയുമ്പോഴും സ്വാമികളുടെ ധൈഷണികനിലവാരവും സമകാലികതയും വ്യക്തമാകും.

പദാർത്ഥവിശകലനം, പദനിഷ്പത്തി, യുക്തിപരിശോധന എന്നിവയിലൂടെ വിശ്വാസങ്ങൾ, പുരാവൃത്തങ്ങൾ, നാട്ടാചാരങ്ങൾ, പ്രമാണവ്യവഹാരങ്ങൾ, വ്യാഖ്യാനങ്ങൾ എന്നിങ്ങനെയുള്ള ഭാഷാരൂപങ്ങളിൽ ഉള്ളടങ്ങുന്ന കപടമായ കല്പനകളും താത്പര്യങ്ങളും പൊളിച്ചെഴുതാൻ

സ്വാമികൾക്കു [illegible] മിതി, വാക്യാന്തരബന്ധം തുടങ്ങി എല്ലാം താർക്കികവിശകലനത്തിന്റെ ഭാഗമാകുന്നു. അസാന്നിധ്യങ്ങളിലേക്കും താത്പര്യാർത്ഥങ്ങളിലേക്കും കൃത്രിമമായി ചമയ്ക്കുന്ന അർത്ഥങ്ങളിലേക്കും വെളിച്ചംവീശാൻ സ്വാമികളുടെ വിശകലനത്തിനു കഴിഞ്ഞു.

പരശുരാമപുരാവൃത്തത്തിന്റെ താർക്കികപാരായണത്തിലൂടെ ദുഷ്ടാർത്ഥവും കല്പിതകഥയുടെ അയുക്തികതയും വെളിപ്പെടുത്താൻ സ്വാമികൾക്കു കഴിഞ്ഞു. ഭാരതീയപാരമ്പര്യത്തിൽ വേരോട്ടമുള്ള അപഗ്രഥനരീതിയാണ് സ്വാമികൾ വികസിപ്പിച്ചത്. അതാകട്ടെ ആധുനികഭാഷാശാസ്ത്രസമീപനങ്ങളോട് കൂടുതൽ അടുത്തുനില്ക്കുന്നു. പൂർവ്വപക്ഷനിരാസത്തിനായുള്ള വ്യവഹാരാപഗ്രഥനമാതൃക മലയാളത്തിന് ആദ്യം പരിചയപ്പെടുത്തിയതു സ്വാമികളാണ്. താർക്കികത മലയാളത്തിൽ പരിപോഷിപ്പിക്കുക വഴി ദാർശനികഭാവം ഉൾക്കൊണ്ടു വിജ്ഞാനതീക്ഷ്ണത കൈവരാൻ ഭാഷയെ പ്രാപ്തമാക്കി. ദാർശനികവിഷയങ്ങൾ കൈകാര്യം ചെയ്യാൻ മലയാളം പര്യാപ്തമാണെന്നും വൈജ്ഞാനികമലയാളത്തിനു പ്രതിനിധാനവൈകല്യം ഇല്ലെന്നും അദ്ദേഹത്തിന്റെ രചനകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സ്വാമികളുടെ ഭാഷാശാസ്ത്രസംഭാവനകൾ എന്താണെന്നു വിശദീകരിച്ച് അവതരിപ്പിക്കണമെങ്കിൽ എല്ലാകൃതികളും പരിശോധിക്കേണ്ടതുണ്ട്. ഏറ്റവും പ്രധാനമായി ആദിഭാഷ എന്ന ഗ്രന്ഥമാണു പ്രത്യേകമായി പരിഗണിക്കേണ്ടത്. സ്വാമികളുടെ ഭാഷാശാസ്ത്രസംബന്ധമായ രീതിശാസ്ത്രം സമീപനംകൊണ്ടും ദർശനംകൊണ്ടും വിപുലമായ ഒരു ജ്ഞാനപദ്ധതിയാണ്. ഒന്നൊന്നായി വിവരിച്ചവതരിപ്പിക്കുക എളുപ്പമല്ല. അതുകൊണ്ട് ആദിഭാഷയെ പഠനവിധേയമാക്കി മറ്റുള്ളവയെ പരാമർശിച്ചുകൊണ്ടും ഈ പഠനം പുരോഗമിക്കും.

**ആദിഭാഷ**

പരിണാമസൃഷ്ടിയായ മനുഷ്യകുലത്തിന്റെ ആദ്യഭാഷ ഏതാണ് എന്ന അന്വേഷണമാണു ചട്ടമ്പിസ്വാമികളുടെ ആദിഭാഷ എന്ന ഗ്രന്ഥത്തിന്റെ കേന്ദ്രപ്രമേയം. മനുഷ്യോത്പത്തിസിദ്ധാന്തം പ്രാരംഭത്തിൽ അവതരിപ്പിച്ചുകൊണ്ടു സംസ്കൃതതമിഴ്ഭാഷകളുടെ താരതമ്യത്തിലൂന്നി സ്വാഭാവികഭാഷയുടെ ഉത്പത്തി ശിശുഭാഷാടിസ്ഥാനത്തിൽ സാധൂകരണം കണ്ടെത്തി, ആദ്യഭാഷ പൂർവദ്രാവിഡമാണെന്നു സ്ഥാപിക്കുകയാണു സ്വാമികൾ ഈ പഠനത്തിൽ. പ്രാരംഭം, അക്ഷരനിരൂപണം, സന്ധിനിരൂപണം, പദവ്യവസ്ഥാനിരൂപണം, ലിംഗനിരൂപണം, വചനനിരൂപണം, ധാതുനിരൂപണം, തമിഴ്സംസ്കൃതാദിതാരതമ്യം, ആദിഭാഷ എന്നിങ്ങനെയാണ് ഈ ഗ്രന്ഥത്തിലെ അദ്ധ്യായവിഭജനം. സ്വാമികൾക്കു മുൻപേ എലീസും കാൽഡ്വെല്ലും ദ്രാവിഡഭാഷാകുടുംബം സ്ഥാപിച്ചുകൊണ്ടു ദ്രാവിഡഭാഷകൾ സംസ്കൃതജന്യമല്ല എന്നു തെളിയിച്ചിരുന്നു. ദ്രാവിഡഭാഷകളുടെ പഴമയും സിഥിയൻ ബന്ധവും സംസ്കൃതവുമായുള്ള ഭിന്നതയും കാൽഡ്വെലിന്റെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മുൻപുനടന്ന പഠനങ്ങളിൽനിന്നു വ്യത്യസ്തമായ സമീപന

മാണ സ്വാമികൾ മുന്നോട്ടുവച്ചത്. ദ്രാവിഡത്തിന്റെ എളിമയെ പഴമയാക്കി ആദിഭാഷാസ്വരൂപമായി നിർണയിച്ചുറപ്പിക്കാനാണ സ്വാമികൾ ശ്രമിച്ച ത്. ലോകഭാഷകളുടെ മൂലഭാഷയായി ദ്രാവിഡത്തെ സ്ഥാപിക്കുകയായിരുന്ന ലക്ഷ്യം. എലീസിനും കാൽഡ്വെലിനു ശേഷം ദ്രാവിഡഭാഷാശാസ്ത്രത്തിൽ നടന്ന പ്രമുഖപഠനമാണ് ആദിഭാഷ എന്നതു തിരിച്ചറിയാതെ പോയ യാഥാർഥ്യമാണ്. ഇതു കേവലം സംസ്കൃതതമിഴ്ഭാഷാതാരതമ്യപഠനമല്ല. സ്വാമികളുടെ ഭാഷാദർശനം പ്രഖ്യാപിച്ച കൃതിയാണ്. ദ്രാവിഡപ്പഴമയെ മനുഷ്യോത്പത്തിയിലെത്തിക്കുന്ന സാധ്യതയാണ പഠനമൊരുക്കിയത്. സംസ്കൃതത്തിന്റെ മേധാവിത്വത്തെ ആദിഭാഷാസിദ്ധാന്തത്തിലൂടെ പരാജയപ്പെടുത്തി ദ്രാവിഡപ്പഴമയുടെ പെരുമ ഉയർത്തിക്കാട്ടുകയായിരുന്നു ഈ കൃതിയുടെ രചനാരഹസ്യം. വിപുലമായ ഈ ഭാവന സാധ്യമാക്കാനായി ലഭ്യമായ തെളിവുകൾ അണിനിരത്തിക്കൊണ്ടുള്ള ഗവേഷണമാണ് ആദിഭാഷയിൽ ഉടനീളം കാണാനാവുന്നത്. ഇന്ത്യയിൽ സംസ്കൃതം ആർജ്ജിച്ച അധികാരത്തോടുള്ള പ്രതിരോധമെന്ന നിലയിലാണ് ഇവയിൽ ഏതാണ് ആദിഭാഷ എന്ന അന്വേഷണത്തിലേക്കു സ്വാമികളെ എത്തിച്ചത്. ആര്യ-ദ്രാവിഡസംഘർഷത്തിന്റെ തലത്തിൽ നിന്നുകൊണ്ട് ആദിഭാഷാസിദ്ധാന്തത്തെ മുന്നോട്ടുവയ്ക്കുകയും സ്വാഭാവികഭാഷാപ്രകൃതത്തിന്റെ അടിസ്ഥാനത്തിൽ ലോകഭാഷകളുടെ മൂലം ആദിദ്രാവിഡമാണെന്ന നിഗമനത്തിൽ എത്തിച്ചേരുകയുമാണ് ചെയ്തിരിക്കുന്നത്. സംസ്കൃതത്തിന്റെ ഗൗരവത്തെ മാനിച്ചുകൊണ്ടുതന്നെ നൈസർഗികമായ പരിണാമയുക്തിയെ ആധാരമാക്കി ലാളിത്യത്തിൽനിന്നു ക്ലിഷ്ടതയിലേക്ക് അല്ലാതെ മറിച്ച് സാധ്യതയില്ലെന്ന താർക്കികപക്ഷം നിലനിർത്തിക്കൊണ്ടുള്ള താരതമ്യപരിശോധനയാണ് ആദിഭാഷയിൽ വെളിപ്പെടുന്നത്.

**പ്രാരംഭം**

ഭാഷോത്പത്തിയെയും ഭാഷാവൈവിധ്യത്തെയുംസ്സംബന്ധിക്കുന്ന രണ്ടു ന്യായങ്ങൾ സ്വാമികൾ പ്രാരംഭത്തിൽ അവതരിപ്പിക്കുന്നുണ്ട്. ഭാഷയും മനുഷ്യരും തമ്മിലുള്ള നാഭീബന്ധം തിരിച്ചറിഞ്ഞുകൊണ്ടുള്ള ഉത്പത്തിസിദ്ധാന്തങ്ങളാണിവ. ഭാഷോത്പത്തിയും മനുഷ്യോത്പത്തിയും സമാനമായി കണ്ടുള്ളതാണിവ. വീചീതരംഗന്യായം, കദംബമുകുള ന്യായം എന്നിങ്ങനെയാണ് ഇവയ്ക്കു പേരു നല്കിയിരിക്കുന്നത്. പാശ്ചാത്യരുടെ ഇടയിൽ അക്കാലത്തു പ്രചരിച്ചിരുന്ന രണ്ട് ആശയധാരകളാണിവ. മനുഷ്യോത്പത്തിയും മനുഷ്യവ്യാപനവും സംബന്ധിച്ചുള്ള സന്ദേഹങ്ങൾ ശാസ്ത്ര ലോകത്തിൽ അന്നും ഇന്നത്തെപ്പോലെ നിലനിന്നിരുന്നു. മനുഷ്യർ ഒരു പ്രദേശത്ത് ഉണ്ടാവുകയും അവിടെനിന്നു മറ്റിടങ്ങളിലേക്കു വ്യാപിക്കുകയും ചെയ്തതാണോ അതോ ഒരേസമയത്തു ഭിന്ന പ്രദേശങ്ങളിൽ ജന്മംകൊണ്ടവരാണോ എന്നതാണ സന്ദേഹം. ഭാഷയുടെ കാര്യത്തിലും സമാനമായ സന്ദേഹമുണ്ട്. മോണോ ജനസിസ്, പോളിജനസിസ് എന്നിങ്ങനെ ഇന്നും ഈ സന്ദേഹം ചർച്ചാവിഷയമാണ്. ഒരു തീർപ്പിനായി വിവിധവിജ്ഞാന

ശാഖകൾ ഒരുമിച്ച് ഏറ്റെടുത്തിരിക്കുന്ന ദൗത്യമാണിത്. ജനിതകപഠനവും മസ്തിഷ്കപഠനവും വരെ ഈ സന്ദേഹദൂരീകരണത്തിനായി പങ്കുചേർന്നിട്ടുണ്ട്. നിലവിലെ ജനിതകപഠനത്തിന്റെ വെളിച്ചത്തിൽ ആധുനികമനുഷ്യരുടെ പിറവി ആഫ്രിക്കയിലാണെന്നും അവിടെനിന്നു മറ്റിടങ്ങളിലേക്ക് അവർ എത്തിച്ചേർന്നതാണെന്നുമാണ്. ഭാഷാശാസ്ത്രജ്ഞരും വിപുലമായ അന്വേഷണത്തിലാണ്. തിരിച്ചറിഞ്ഞിട്ടുള്ള ഭാഷാകുടുംബങ്ങളുടെ പുനർനിർമ്മിച്ച പൂർവഭാഷകൾ താരതമ്യംനടത്തി അതിപുരാതനമൂലഭാഷയായി നോസ്റ്ററ്റിക്ഭാഷയെ തിരയുന്നവർ ഒരുഭാഗത്ത്, മസ്തിഷ്കപഠിതാക്കളും മനോവിജ്ഞാനികളും ജനിതകഗവേഷകരും അടങ്ങുന്ന മറ്റൊരുപക്ഷം. ഫോസിൽപഠിതാക്കളും പുരാതത്ത്വവിജ്ഞാനികളും വേറൊരുപക്ഷം. അങ്ങനെ അന്വേഷകരായി നിരവധിവിജ്ഞാനശാഖകളിലുൾപ്പെട്ടവർ രംഗത്തുണ്ട്. ഇന്നും സജീവമായിരിക്കുന്ന ഉത്പത്തിസിദ്ധാന്തത്തിനു കേരളത്തിൽ നാന്ദികുറിച്ചതു സ്വാമികളാണ്. സാങ്കേതികപദനിർമിതി കൊണ്ടുതന്നെ ഈ സന്ദേഹത്തെ എത്ര ആഴത്തിൽ മലയാളിക്കു ലളിതമായി പരിചയപ്പെടുത്താൻ കഴിഞ്ഞുവെന്നത് ഏറെ സ്മരണീയമാണ്.

**വീചീതരംഗന്യായം**

ഭാഷോത്പത്തിയെയും മനുഷ്യോത്പത്തിയെയുംസംബന്ധിക്കുന്ന ഒരു ന്യായമാണിത്. ഒന്നിനുപുറകെ മറ്റൊന്നെന്ന കണക്കിലുള്ള തിരമാലക്രമമാണ് ഈ ഉത്പത്തിസിദ്ധാന്തത്തിനാധാരം. ഏതോ ഒരു ആദിഭാഷയിൽ നിന്നുപിരിഞ്ഞു നാനാവഴിക്കു പരന്നുവികസിച്ച ഭാഷാവൈവിധ്യത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. വിവിധഭാഷാകുടുംബങ്ങളുടെ ജന്മസ്ഥലം ഏതാണെന്ന് അന്വേഷിക്കുന്ന ഭാഷാശാസ്ത്രജ്ഞർ ജനിതകപഠനങ്ങളോട് ചേർന്നുകൊണ്ട് ആഫ്രിക്കയിലുണ്ടായ ആദിഭാഷയിൽനിന്നാകാം ഇതര ഭാഷകൾ ജന്മംകൊണ്ടതെന്നു സംശയിക്കുന്നുണ്ട്. ഗണമാതൃകഘടകങ്ങൾ അടിസ്ഥാനമാക്കി പുരാതനഭാഷകളുടെ ഭൂവിതരണം അന്വേഷിക്കുന്ന ജോഹന്നാസ് നിക്കോളാസിനെപ്പോലുള്ള ഭൂഭാഷാശാസ്ത്രജ്ഞർ ആദിഭാഷയെ അംഗീകരിക്കുന്നില്ല. എന്നാൽ ആദിഭാഷയെ കണ്ടെത്താനുള്ള ഗവേഷണങ്ങൾ ശക്തമായി നടന്നുവരുന്നുമുണ്ട്. മോണോ ജനസിസ് സിദ്ധാന്തത്തെയാണു സ്വാമികൾ വീചീതരംഗന്യായമായി അവതരിപ്പിച്ചത്. ഈ സാങ്കേതികപദം ഭാഷോത്പത്തിയെയും അതിന്റെ വിഘടനപരിവർത്തനത്തെയും ആവർത്തനക്രമത്തിലുള്ള പ്രക്രിയയായി ഉൾക്കൊണ്ടിരിക്കുന്നുവെന്നതു സ്വാമികളുടെ ജ്ഞാനക്ഷമത വെളിവാക്കുന്നു.

**കദംബമുകുളന്യായം**

ഒരേസമയത്തു പല ഇടങ്ങളിൽ ഭാഷോദയം ഉണ്ടായതു വൈവിധ്യത്തിനു കാരണമായിക്കാണുന്ന സിദ്ധാന്തമാണിത്. കടമ്പുമരത്തിൽ എല്ലാഭാഗത്തും ഒരുമിച്ചാണു മൊട്ടുണ്ടാകുന്നത്. സദൃശമായി ഭാഷോത്പത്തിയെയും മനുഷ്യോത്പത്തിയെയും വിവരിക്കാനാണു സ്വാമി ശ്രമിച്ചത്. പോ

ളിജനസിസ് എന്നറിയപ്പെടുന്ന ഈ സിദ്ധാന്തം ഇന്നും വേരറ്റുപോയിട്ടില്ല. ചിലരെങ്കിലും ഈ സാധ്യതയുടെ വക്താക്കളായി നിലകൊള്ളുന്നുണ്ട്. മനുഷ്യരുടെ ബഹുദേശോത്പത്തി ഭാഷയ്ക്കും സാധകമാണ്. സ്വാമികളുടെ കാലത്തെ ശാസ്ത്രലോകത്തിന്റെ സന്ദേഹം സ്വാമികളും പങ്കിടുന്നു എന്നാണു മനസ്സിലാക്കേണ്ടത്. രണ്ടുന്യായങ്ങളും പേരുകൊണ്ടു സവിശേഷമാണ്. ഹരിതഭാഷാശാസ്ത്രതലം ഇവയിൽ കാണുന്നുവെന്നതു സ്വാമികളുടെ സൂക്ഷ്മമായ പ്രകൃതിനിരീക്ഷണപാടവത്തെ സാക്ഷ്യപ്പെടുത്തുന്നു. രണ്ടു ന്യായങ്ങൾ അവതരിപ്പിക്കുന്നുവെങ്കിലും ഏകദേശോത്പത്തിസിദ്ധാന്തത്തോടാണു സ്വാമിക്കു താത്പര്യമെന്ന് 'ആദിഭാഷ' സ്പഷ്ടമാക്കുന്നു. മനുഷ്യകുലം ഒരു ദേശത്ത് ഉണ്ടായി പിന്നെ ബഹുദേശങ്ങളിലേക്കു പലായനം ചെയ്തു ഭിന്ന വിഭാഗങ്ങളായി പരിവർത്തനപ്പെട്ടതുപോലെ ഒരു മൂലഭാഷയിൽനിന്നു പിരിഞ്ഞുണ്ടായതാണു ഭാഷാവൈവിധ്യം എന്നതാണു സ്വാമിയുടെ തീർപ്പ്.

മനുഷ്യസമൂഹത്തിന്റെ ഭൂതകാലചരിത്രം ആരായുന്ന ജനിതകശാസ്ത്രം, ജനിതകശ്രേണീകരണപഠനങ്ങളിലൂടെ ആധുനികമനുഷ്യരുടെ ഉത്പത്തി ഏകദേശകേന്ദ്രിതമാണ് എന്നു തെളിയിച്ചിട്ടുണ്ട്. നരവംശത്തിന്റെ ജനിതകവഴിയിലൂടെ ഭാഷാവഴിയും തിരയുന്ന ഗവേഷകരുടെ ലക്ഷ്യം ആദിഭാഷയെ കണ്ടെത്തുകയാണ്. സമകാലത്ത് ഏറ്റവും പ്രാധാന്യം നല്കുന്ന ഭാഷാഗവേഷണമേഖലയാണിത്. എന്നാൽ സ്വാമികളുടെ കാലത്ത് ഏതെങ്കിലുമൊരു ആദിഭാഷയെക്കുറിച്ചുള്ള ചിന്തയൊന്നും രൂപംകൊണ്ടിരുന്നുവെന്ന് അവകാശപ്പെടാനില്ല. പ്രതിഭിന്നമായിരിക്കുന്ന ഭാഷകളുടെ മൂലബന്ധം അന്വേഷിച്ചു ഭാഷാകുടുംബം സ്ഥാപിച്ചെടുക്കുകയായിരുന്നു അക്കാലത്തെ മുഖ്യഭാഷാഗവേഷണമേഖല. ആദിഭാഷാന്വേഷണത്തിലേക്കു പാശ്ചാത്യശാസ്ത്രം അധികം ശ്രദ്ധനല്കിയിരുന്നില്ല. 100 വർഷങ്ങൾക്കു മുൻപ് സ്വാമികളുടെ ചിന്ത ഇന്നേറെ ഗവേഷണപ്രാധാന്യമുള്ള ഒരു മേഖലയിലൂന്നിക്കൊണ്ടുള്ളതായിരുന്നു എന്നറിയുന്നതു പ്രധാനംതന്നെ. ആധുനികശാസ്ത്രയുക്തി ഉൾക്കൊള്ളുന്ന ഈ വിഷയത്തെക്കുറിച്ച് അന്വേഷിച്ചതിന്റെ തെളിവാണ് 'ആദിഭാഷ'. താരതമ്യ-ചരിത്രഭാഷാശാസ്ത്രജ്ഞരുടെ ആശയലോകവുമായുള്ള പരിചയം ഇതിൽ സ്പഷ്ടമാണ്. ശാസ്ത്രലോകം അന്നു സംശയിച്ച ഏകദേശമനുഷ്യോത്പത്തിയുടെ അടിസ്ഥാനത്തിലാണ് ആദിഭാഷാസിദ്ധാന്തം ഉദയംചെയ്തതെന്നു സ്വാമികളുടെ പ്രസ്താവനയിൽനിന്നു വ്യക്തമാണ്. "മനുഷ്യർ എവിടെയോ ഒരിടത്ത് ഉണ്ടായി പിരിഞ്ഞുപോയിട്ടുള്ളതാണെന്നു തെളിയിക്കാൻ അവർ ശ്രമിക്കുകയും ചെയ്യുന്നു. അതു വാസ്തവമാകുന്ന സ്ഥിതിക്കു മനുഷ്യകുടുംബത്തിനു പ്രകൃതിസിദ്ധമായ ഒരു ആദിഭാഷ ഉണ്ടായിരുന്നിരിക്കണം. പിന്നീട് ആ പൂർവ്വകുടുംബം അനേക ശാഖകളായി പിരിയുന്നതോടുകൂടി അതിന്റെ ഭാഷയ്ക്കും ഏറെക്കുറെ വിഭിന്നത്വം സംഭവിച്ചിരിക്കണം. ഇന്നുകാണുന്ന ഭാഷാവൈജാത്യത്തിന് ഒരു തീർച്ചയായ സമാധാനമായി വിചാരിക്കുന്നത് ഇതിനെയാണ്. ഭാഷാചരിത്രകാരന്മാർ ഈവിധഭാഷകളെയെല്ലാംകൂടി മൂലഭാഷകളിൽ അടക്കിയിരിക്കുന്നു. ഒന്ന്

സംസ്കൃതവും മറ്റേതു തമിഴും ആണ്. അതായത്, ആര്യഭാഷയും ദ്രാവിഡഭാഷയും തന്നെ". ഭാഷാകുടുംബത്തെയാണു സ്വാമികൾ ധ്വനിപ്പിക്കുന്നത്.

പ്രാരംഭത്തിൽ സൈദ്ധാന്തികപക്ഷം അവതരിപ്പിച്ച് ആദിഭാഷാന്വേഷണത്തിനു പശ്ചാത്തലം ഒരുക്കുകയാണു സ്വാമികൾ ചെയ്യുന്നത്. രീതിശാസ്ത്രപ്രകാരം പരികല്പന സൈദ്ധാന്തികാരൂഢത്തിൽ അവതരിപ്പിച്ചു. തുടർന്നുള്ള ഓരോ അദ്ധ്യായവും ആദിഭാഷയുടെ പൊരുൾ തെളിച്ചെടുക്കലാണ്.

## അക്ഷരനിരൂപണം

സംസ്കൃതവും തമിഴും തമ്മിലുള്ള താരതമ്യപഠനത്തിൽ ശബ്ദശാസ്ത്രം മുൻനിർത്തിയുള്ള അക്ഷരപഠനത്തിനാണു മുൻഗണന നല്കിയത്. സംസ്കൃതത്തിലുള്ള അക്ഷരങ്ങൾ തമിഴിൽ ഇല്ലാത്തതുകൊണ്ടു സംസ്കൃതപദങ്ങളുടെ തത്തുല്യമായ ഉച്ചാരണം തമിഴിൽ സാധ്യമല്ല. അക്ഷരാഭാവവും ഉച്ചാരണപ്രശ്നങ്ങളും താരതമ്യം ചെയ്യുന്ന പട്ടിക ചുവടെ ചേർക്കുന്നു. സംസ്കൃതത്തിലുള്ളതും തമിഴിൽ ഇല്ലാത്തതുമായ ശബ്ദങ്ങളാണ് ഉച്ചാരണപ്രശ്നം നേരിടുന്നതെന്നു സ്വാമികൾ കണ്ടെത്തി

| സംസ്കൃതം | തമിഴ് |
|---|---|
| ൠ ഞ ഉണ്ട് | ൠ ഞ ഇല്ല |
| മൂന്നുമാത്രകളുള്ള പ്ലുതശബ്ദങ്ങൾ ഉണ്ട് | പ്ലുതശബ്ദങ്ങൾ ഇല്ല |
| ഉദാത്തം, അനുദാത്തം, സ്വരിതം എന്ന് മൂന്നുതരം അനുനാസികവിഭജനം ഉണ്ട് | അനുനാസികവിഭജനം ഇല്ല |
| വർഗ്ഗാക്ഷരങ്ങളിൽ പഞ്ചാക്ഷര വിന്യാസം ഉണ്ട് (ക ഖ ഗ ഘ ങ) | വർഗ്ഗാക്ഷരങ്ങളിൽ രണ്ടക്ഷരവിന്യസമേയുള്ളു -ക ങ |
| അതിഖര മൃദു ഘോഷാദിശബ്ദങ്ങൾ ഉണ്ട് | അതിഖര മൃദു ഘോഷാദിശബ്ദങ്ങൾ ഇല്ല |
| അനുസ്വാരം, വിസർഗം, ജിഹ്വാമൂലിയും, ഉപധമാനിയം ഉണ്ട് | അനുസ്വാരം, വിസർഗം, ജിഹ്വാമൂലിയും, ഉപധമാനിയം ഇല്ല, ആയ്തം ഏറെക്കുറെ വിസർഗത്തിനു തുല്യമാണ് |
| ശ ഷ സ ഹ ഉണ്ട് | ശ ഷ സ ഹ ഇല്ല - എല്ലാറ്റിനും ച ഉച്ചാരണം |
| ബാധകമല്ല | ട റ ല ള എന്നിവ ക ച പ യോടെ പദങ്ങളിൽ ചേരും |

| | |
|---|---|
| ബാധകമല്ല | ചകാരം അ ഐ ഔ എന്നിവ ഒഴികെ മറ്റെല്ലാ സ്വരങ്ങളോടും ചേർന്ന് പദാദി യിൽ വരും |
| ബാധകമല്ല | യകാരം ആ യോട് ചേർന്നേ പദാദിയി ലേ വരൂ |
| ബാധകമല്ല | ഉകാരത്തോട് കൂടിയ ചകാരം (സംസ്കൃ തവായ്പവാക്കുകൾ ഒഴിച്ച്) രണ്ടുവാക്കി ന്റ മാത്രമേ അന്തമാകൂ |
| ഇല്ല | റ ന ഴ ഹ്രസ്വ എ, ഒ, ആയ്തം ഉണ്ട് |
| സ്വരങ്ങളിൽ ഓരോന്നിനും ഓരോ പ്രഭവസ്ഥാനവും ഒരേ പ്ര യത്നവുമാണ് | സ്വരങ്ങൾക്ക് കണ്ഠം മാത്രമാണ് ഉദ്ഭ വസ്ഥാനം. പ്രയത്നങ്ങൾ പലതാണ് |
| അക്ഷരക്രമം സമാനമാണ് | അക്ഷരങ്ങളുടെ എണ്ണം കുറവെങ്കിലും അക്ഷരക്രമം സമാനമാണ് |

മേല്പറഞ്ഞതിൽനിന്ന് സംസ്കൃതതമിഴ്ഭാഷകളുടെ അക്ഷരവൈജാത്യം വ്യ ക്തമാണ്. അക്ഷരങ്ങളുടെ ഉത്പത്തിസ്ഥാനാടിസ്ഥാനത്തിലുള്ള വർഗ്ഗീക രണം ഇരുഭാഷകളിലും കാണാമെങ്കിലും അക്ഷരക്രമത്തിലുള്ള സാദൃശ്യം അനുകരണം അല്ലെന്നാണു സ്വാമി സ്ഥാപിക്കുന്നത്. ഈ സമാനതയുടെ കാരണം ഇവ രണ്ടും 'മുൻകാലങ്ങളിൽ ഒരുമിച്ചായിരുന്നുവെന്നും പിന്നെ ആ വർഗ്ഗക്കാർ പിരിഞ്ഞവരാണെന്നും, അങ്ങനെ പിരിഞ്ഞ് അനേകം നൂറ്റാണ്ടുകൾക്കുശേഷം അക്ഷരങ്ങളെയും വാക്കുകളെയും ഒന്നിനുപുറകെ വേറൊന്നായി അനേകം പ്രാവശ്യം മാറ്റിമറിച്ച് ഒടുവിൽ ഒരു രീതിയിൽ ഉറ പ്പിച്ച് ആ ഭാഷയ്ക്ക് സംസ്കൃതം (സംസ്കരിക്കപ്പെട്ടത്) എന്നു നാമകരണം ചെയ്തിരിക്കാമെന്നും തമിഴർ മൂലഭാഷയെയും അക്ഷരങ്ങളെയും ഭേദഗതി ചെയ്യാൻ വിമുഖരായിരുന്ന കാരണം പഴയ തമിഴ്വ്യാകരണമുറകളെ ആദരി ച്ചുപോന്നിരുന്നതെന്നും കാലാന്തരത്തിലുണ്ടായ സംസ്കൃത പ്രചാരണത്തിൽ ദാക്ഷിണാത്യന്മാരായ അഗസ്ത്യപ്രഭൃതികൾ സംസ്കൃതത്തെ തഴുകിപ്പിടിച്ചു തമിഴിനു പല പരിഷ്കാരങ്ങളും ചെയ്യാൻ ഇടയായിട്ടുള്ളതെന്നും പറയാതെ കഴിയുകയില്ല'.

**ഋ ഌ സന്ദേഹം**

സംസ്കൃതത്തിലെ ഋ ഌ എന്നീ രണ്ടുസ്വരങ്ങളും അവയുടെ ദീർഘ രൂ പങ്ങളും തമിഴിൽ ഇല്ലാത്തതുകൊണ്ടു ഘൃതം, കൢപ്തം തുടങ്ങിയ വാക്കുകൾ തമിഴിൽ ശരിയായി ഉച്ചരിക്കാനാവില്ല. ഇതൊരു ഉച്ചാരണപ്രശ്നമായല്ല സ്വാമികൾ കൈകാര്യം ചെയ്തത്. തമിഴിൽ ഇല്ലാത്ത ഈ സ്വരങ്ങൾ സം സ്കൃതത്തിൽ വന്നെത്തിയതെങ്ങനെ എന്നാണു സ്വാമികളുടെ അന്വേഷണം.

അയത്നലളിതമായ ഉച്ചാരണമുള്ള തമിഴിൽ ഇവ തുടക്കത്തിലേ ഇല്ലെന്നു തെളിയിച്ചുകൊണ്ടാണു രണ്ടും പില്ക്കാലത്തു സംസ്കൃതത്തിൽ കൂട്ടിച്ചേർത്തതാണെന്നു കണ്ടെത്തിയത്. ഇ ഉ ഞ ൽ എന്നിവയ്ക്കു സ്ഥാനസാമ്യം കൊണ്ടു യ വ ര ല എന്ന ക്രമമാണു വരേണ്ടത് എന്നാൽ യ ര ല വ എന്നാണ് ഇരു ഭാഷകളും സ്വീകരിച്ചിരിക്കുന്നത്. പഴയക്രമത്തിൽ മാറ്റംവരാത്തതുകൊണ്ടു തമിഴിൽ ഇവ ആദ്യമേ ഇല്ല എന്നുതെളിയുന്നു. ഇവയുടെ ഉത്ഭവസ്ഥാനം ക്രമപടിയല്ല. സംസ്കൃതത്തിൽ സ്വരങ്ങൾക്കു പൊതുവിൽ വിവൃതപ്രയത്നമാണു പറഞ്ഞിരിക്കുന്നത്. എന്നാൽ ഈ രണ്ടു സ്വരങ്ങൾക്കും ഈഷൽ സ്പൃഷ്ടമാണു പ്രയത്നം. ഇക്കാര്യങ്ങളാൽ ഇവ പില്ക്കാലത്തു സംസ്കൃതത്തിൽ ഉൾപ്പെടുത്തിയതാണെന്നു സ്വാമികൾ സ്ഥാപിച്ചു.

പില്ക്കാലത്തു രകാര ലകാര അംശങ്ങൾ ഉൾച്ചേർത്തു രണ്ടു പുതിയ സ്വരങ്ങൾ കൂട്ടിച്ചേർത്തതാണ്. സംസ്കൃതത്തിൽ ഒരുകാലത്തു നിലനിന്ന അവ്യവസ്ഥയുമായി ചേർത്തുവച്ച് ഇവയുടെ പിറവി നോക്കിക്കാണാമെന്നാണു സ്വാമികൾ ഓർമിപ്പിക്കുന്നത്. ഇവ രണ്ടും ഒരുമിച്ചു ജനിച്ചവരല്ല ഋ ന ശേഷമാണു ഞവിന്റെ രംഗപ്രവേശം. പദസംഖ്യയെ അടിസ്ഥാനമാക്കിയും ഇവരുടെ പില്ക്കാല പ്രവേശവും പിറവി വിടവും സ്വാമികൾ ദർശിക്കുന്നുണ്ട്. രണ്ടിന്റെയും വാക്കുകളുടെ എണ്ണത്തിലെ കുറവു പില്ക്കാല കൂട്ടിചേർപ്പിനും ഏകപദ (ക്ലിപ്തം) സാന്നിധ്യം ൽകാരത്തിന്റെ പില്ക്കാലപിറവിയെയും തെളിയിക്കുന്നുവെന്നാണു സ്വാമികളുടെ കണ്ടെത്തൽ. സംസ്കൃതത്തിൽ പദവ്യവസ്ഥ ഏർപ്പെടുത്തിയതോടെ അധികം പദങ്ങളുടെ സാധ്യതയും ഇല്ലാതായി. പ്രാകൃതത്തിലും ഈ രണ്ടക്ഷരങ്ങൾ കാണാത്തത് അവയുടെ പില്ക്കാലപ്രവേശത്തിനു തെളിവായി സ്വാമികൾ ചൂണ്ടിക്കാട്ടി.

**സംസ്കൃതവും തമിഴും പ്രാകൃതവും**

ഈ മൂന്നുഭാഷകളും തമ്മിലുള്ള ബന്ധം പരിശോധിച്ച് ഓരോന്നിന്റെയും പഴക്കം നിർണയിച്ചെടുത്തുകൊണ്ട് സംസ്കൃതത്തിൽനിന്നുണ്ടായതാണ് പ്രാകൃതം എന്ന പൂർവ്വപക്ഷത്തെ സയുക്തികം ഖണ്ഡിച്ചു പ്രാകൃതം ദേശഭാഷയാണെന്നും സംസ്കൃതജന്യമല്ലെന്നും സ്ഥാപിച്ചു.

പ്രാകൃതത്തിൽ ദ്വിവചനം ഇല്ലാത്തതും നിപാതങ്ങൾ അഥവാ ഇടച്ചൊല്ലുകൾ ഉള്ളതും സംസ്കൃതത്തിൽനിന്നുള്ള വ്യത്യാസമായിക്കണ്ടു. സംസ്കൃതത്തിൽനിന്നല്ല പ്രാകൃതങ്ങളിൽനിന്നു സംസ്കൃതമുണ്ടായിയെന്നു തിരിച്ചുള്ള വാദത്തിലാണു സ്വാമികൾ നിലയുറപ്പിച്ചത്. ദ്രാവിഡത്തെ ദക്ഷിണ പ്രാകൃതമായി ചിലർ കണക്കാക്കുന്നുണ്ട്. അവ തമ്മിലുള്ള ബന്ധങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ട്. ഇത്തരം വാദങ്ങൾ പുരാതനകാലത്തെ പ്രാദേശിക വഴക്കങ്ങൾ തമ്മിലുള്ള ബന്ധത്തെയാണു സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ സംസ്കരിച്ച സംസ്കൃതത്തിന്റെ പിറവിവഴിയെക്കുറിച്ചുള്ള സ്വാമിയുടെ നിരീക്ഷണം ഇന്നും പ്രസക്തമാണ്. ദ്രാവിഡഭാഷകളിൽ അധസ്തരമായി പ്രാകൃതസമ്പർക്കത്തിന്റെ ശേഷിപ്പുകൾ സംസ്കൃതത്തെക്കാൾ ആഴത്തിലുണ്ട്. ഋ ഞ ഷ യും ക്ത ഷ്ണ തുടങ്ങിയ സംയുക്താക്ഷരങ്ങളും ഇല്ലാത്തതുകൊണ്ടും തമിഴിനു

സമാനമായ ഏക-ബഹുവചനപ്രകൃതംകൊണ്ടും പ്രാകൃതം സംസ്കൃതത്തിനു മുൻപും തമിഴിനു പിൻപും ഉണ്ടായതാണ് എന്നു സ്വാമികൾ സ്ഥാപിച്ചു. ശ ഷ പ്രാകൃതമഹാരാഷ്ട്രിയിൽ ഇല്ലാത്തതുകൊണ്ട് ഇവയും പിന്നീടു ചേർത്തതാണ്. പ്രാകൃതത്തിലും ഋ ഌ അക്ഷരങ്ങൾ കാണാത്തത് അവയുടെ പില്ക്കാലപ്രവേശത്തിനു തെളിവായി സ്വാമികൾ ചൂണ്ടിക്കാട്ടി.

വരരുചിയുടെ പ്രാകൃതപ്രകാശത്തിൽ ഋ പകരം അ യും രി യും ഉച്ചാരണം വരുമെന്നും ഌ ഇലി യെന്നും വരുമെന്നു പറഞ്ഞിട്ടുണ്ട് (തൃണം>തണം, ഋണം>രിണം, ക്ലിപ്തം >കിലിത്തം).

അതിഖരമൃദുഘോഷങ്ങളും പിന്നീടു ചേർത്തതാണ്. ഇത്തരത്തിൽ തമിഴിൽ ഇല്ലാത്ത വർണങ്ങൾ പില്ക്കാലത്തു കൂട്ടിച്ചേർത്താണെന്നു തെളിയിച്ചുകൊണ്ട് ഇവയെ ആധാരമാക്കി തമിഴ്വർണമാലയാണ് പ്രാഥമികം എന്ന് സ്വാമികൾ സ്ഥാപിച്ചു.

**സന്ധിനിരൂപണം**

സംസ്കൃത-തമിഴ്ഭാഷകളിലെ സന്ധിവ്യവസ്ഥയെക്കുറിച്ചുള്ള താരതമ്യമാണ് ഈ അദ്ധ്യായം. സ്വരസന്ധിയും വ്യഞ്ജനസന്ധിയും മുഖ്യമായി താരതമ്യം ചെയ്യുന്നു.

**സ്വരസന്ധി**

ഇരുഭാഷകളിലും സ്വരം സ്വരത്തോടു ചേരുന്നതെങ്ങനെ എന്ന് പട്ടികപ്പെടുത്തിയിരിക്കുകയാണിവിടെ.

| സംസ്കൃതം | തമിഴ് |
|---|---|
| അ +അ >ആ (സവർണദീർഘം)<br>സുന്ദര +അരവിന്ദം >സുന്ദരാരവിന്ദം | അ +സ്വരങ്ങൾ >വ (പല+അങ്ക >പലവങ്ക) |
| അ +ഇ >ഏ<br>ദേവ +ഇന്ദ്രഃ >ദേവേന്ദ്രഃ | |
| അ +ഉ >ഓ<br>ഗീത +ഉദകം >ഗീതോദകം | |
| അ +ഏ /ഐ >ഐ<br>അത്ര+ഏകകം >അത്രൈകകം<br>ജന +ഐകമത്യം >ജനൈകമത്യം | |
| അ +ഒ / ഔ >ഔ<br>ജല +ഔഷ്ണ്യം >ജലൗഷ്ണ്യം | |
| ഇ + മറ്റുസ്വരങ്ങൾ >യ (ആദേശം) | ഇ + മറ്റുസ്വരങ്ങൾ >യ (ആദേശം) |
| ഇ +ഇ >ഈ | |
| ഉ + മറ്റുസ്വരങ്ങൾ >വ (ആദേശം) | ഉ + മറ്റുസ്വരങ്ങൾ >വ (ആദേശം)/ ഹ്രസ്വ അകാരലോപം |

| | |
|---|---|
| ഉ+ഉ >ഊ | |
| ഏ +അ >അകാരലോപം/അയ് (ആദേശം) | |
| ഏ +മറ്റുസ്വരങ്ങൾ >അയ് (ആദേശം) | ഏ +മറ്റുസ്വരങ്ങൾ >യ / വ |
| ഐ +മറ്റുസ്വരങ്ങൾ >ആയ് (ആദേശം) ചിലേടത്തു യ് ലോപം | ഐ +മറ്റുസ്വരങ്ങൾ >യ |
| ഓ +മറ്റു സ്വരങ്ങൾ>അവ്(ആദേശം) | ഓ +മറ്റുസ്വരങ്ങൾ>വ് (ആദേശം) |
| ഓ +അ >അ ലോപം | |
| ഔ +മറ്റുസ്വരങ്ങൾ>ആവ് (ആദേശം) ചിലേടത്തു വ് ലോപം | ഔ +മറ്റുസ്വരങ്ങൾ>വ (ആദേശം) |

സ്വാമികളുടെ അഭിപ്രായത്തിൽ “സംസ്കൃതത്തിൽ അകാരത്തിനു ശേഷം ഓരോ സ്വരങ്ങൾ വരുമ്പോൾ ‘അ ഏ ഓ (ഗുണം) ആ ഐ ഔ’ (വൃദ്ധി) മുതലായ സന്ധിവികാരങ്ങളും അതുപോലെ ‘അ ഉ എ’ തുടങ്ങിയ സ്വരങ്ങൾക്കും നാനാമാതിരി സന്ധികളും വന്നുകാണുന്നു. തമിഴിൽ ‘അ ഉ ഒ ഔ’ അക്ഷരങ്ങൾക്ക് വ കാരവും ‘ഇ ഐ എ എന്ന അക്ഷരങ്ങൾക്ക് യകാരവും ഏകാരത്തിനു യകാരാവകാരങ്ങളും സ്വരസന്ധിയിൽ ആഗമവും ചില ദിക്കിൽ ഹ്രസ്വ ഉകാരങ്ങൾക്കു ലോപവും വരുന്നവിധം വ്യാകരണവിധികൾ ഇരിക്കുന്നു. ഇതുകൊണ്ടു തമിഴ്സന്ധിവികാരങ്ങൾ സംസ്കൃത ഭാഷയെ അനുസരിക്കുന്നില്ലെന്ന് സ്പഷ്ടമാകുന്നു”.

**വ്യഞ്ജനസന്ധി**

| സംസ്കൃതം | തമിഴ് |
|---|---|
| ക് ച് ട് ത് പ് + അനുനാസികങ്ങൾ >അനുനാസികങ്ങളായി മാറും | വ്യഞ്ജനങ്ങൾ പദാന്ത്യത്തിലില്ല |
| ത് +ച് >ച് (ത യെ സജാതീയമാക്കുക) | മാറ്റമില്ല |
| ന് +ശ് >ഞ് | |
| മ് +മറ്റുവ്യഞ്ജനങ്ങൾ >അനുസ്വാരം | ബാധകമല്ല |
| അനുസ്വാരം +ക് ച് ട് ത് പ് >സജാതീയ അനുനാസികമാറ്റം | അനുസ്വാരം +ഖരങ്ങൾ >സജാതിയ അനുനാസികമാറ്റം |

| | |
|---|---|
| അനുസ്വാരം + അനുനാസികങ്ങൾ >സജാതീയ അനുനാസികമാറ്റം | വിധിയില്ല |
| സംസ്കൃതത്തിലില്ല | ങ്, ഞ, ണ, ന, മ, ര, ല, വ, ഴ, ള +യ >ഇകാര ച്ചാരീയെ (മൺ +യാത്<മണ്ണിയത്തുയാതു |
| | ഞ ന +ന >നകാര ലോപം |
| | ല /ള +ഖരങ്ങൾ >റ / ട |
| | ല /ള +അനുനാസികം>ന |
| | ല /ള +ത >ആയ്ക്കും |
| | ല /ള + ത/ ന >ല /ള ലോപം (ത >റ /ട, ന >ന) |
| ത +ച >ച്ച | ത /ന ആന്തങ്ങളില്ല- ന അന്തമുള്ള തൊഴില്നങ്ങൾക്കിതു ബാധകമല്ല |
| ന +ച >ഞ | |
| ത / ന +ട >ട /ണ | |
| സ്വരങ്ങൾ +വ്യഞ്ജനങ്ങൾ +വ്യഞ്ജനം >ദ്വിത്വം | |
| | ചില്ലുകൾ+സ്വരം>ദ്വിത്വം |
| | ക ച ത പ +സ്വരങ്ങൾ>ദ്വിത്വം |
| | യ ഞ ന മ /ങ്ങ >ദ്വിത്വം |
| | യ ര ഴ + ക ച ത പ >ഇരട്ടിച്ചും ഇല്ലാതെയും |
| | പേരെച്ചങ്ങൾ, ഇയ പ്രത്യയങ്ങളോടു കൂടിയ വിനയച്ചങ്ങൾ ഷഷ്ഠീവിഭക്തി പലവക മുറ്റിലും ദ്വിത്വം ഇല്ല |

രണ്ടുഭാഷകളിലെയും സന്ധിപരിശോധനയിലൂടെ വ്യത്യസ്തമായ സന്ധിവികാരങ്ങൾ ഇരുഭാഷകളെയും വ്യത്യസ്തമാക്കുന്നുവെന്നും താരതമ്യേന ദ്രാവിഡത്തിന്റെ നിയമങ്ങൾ പൊതുവെ ലളിതമാണെന്നും സ്വാമികൾ സംശയത്തിനിട നല്കാതെ വിവരിച്ചുറപ്പിച്ചു.

**പദവ്യവസ്ഥാനിരൂപണം**

തമിഴ്സംസ്കൃതഭാഷകളിലെ പദവർഗ്ഗീകരണങ്ങളാണു സ്വാമികൾ ഈ അദ്ധ്യായത്തിൽ ആദ്യം താരതമ്യംചെയ്യുന്നത്. ഇരുഭാഷകളിലും തിരി

ച്ചറിഞ്ഞ വ്യാകരണസംവർഗങ്ങളെന്തായിരുന്നുവെന്നും വർഗ്ഗീകരണമാ
തൃകകളെന്തായിരുന്നുവെന്നും സ്പഷ്ടീകരിക്കുകയാണ്. സംസ്കൃതത്തിൽ
നാമം, ആഖ്യാതം, ഉപസർഗം, നിപാതം എന്നിങ്ങനെ പ്രധാനമായി നാലു
ശബ്ദവിഭാഗങ്ങൾ. വസ്തുവിന്റെ പേരിനെക്കുറിക്കുന്ന പദം നാമം. നാമം
നാലുതരം. ജാതിനാമം (പടം, വൃക്ഷം), ഗുണനാമം (മധുര, ഗീത), ക്രിയാനാ
മം (പചതി, പാചകം), സംജ്ഞാനാമം (ദേവദത്തഃ കൃഷ്ണഃ) എന്നിവയാണവ.
ശക്തം, വ്യഞ്ജകം, ലക്ഷകം എന്നിങ്ങനെ ആർഥികമായുള്ള നാമവിഭജന
വും സംസ്കൃതത്തിലുണ്ട്. ഒരു വാക്കുകേൾക്കുമ്പോൾ അതിന്റെ അർത്ഥം പ്ര
തിബോധിപ്പിക്കാനാകുന്ന പദം ശക്തം, ലക്ഷണംകൊണ്ടു പദാർത്ഥം സൂചി
പ്പിക്കുന്നതു ലക്ഷകം, അടയാളംകൊണ്ട് അർത്ഥത്തെ അറിയിക്കുന്ന വാക്കു
വ്യഞ്ജകം. ഇവയ്ക്കെല്ലാം വേണ്ടുന്ന ഉദാഹരണങ്ങളുടെ അകമ്പടിയും നല്കിയി
ട്ടുണ്ട്. ശക്തം എന്ന ഗണത്തിന്റെ ഉപവിഭജനമാണു രൂഢം, യോഗരൂഢം,
യൗഗികം യൗഗികരൂഢം. അവയവാർത്ഥബന്ധമില്ലാതെ ശബ്ദംകൊണ്ടു
മാത്രം അർത്ഥത്തെ അറിയിക്കുന്നതോ അവയവശക്തിയെ അപേക്ഷിക്കാ
തെ സമുദായശക്തികൊണ്ട് അർത്ഥം ദ്യോതിപ്പിക്കുന്നതോ ആയ പദമാണു
രൂഢം. അവയവശക്തിക്കു വിഷയമായ അർത്ഥത്തെ സമുദായശക്തികൊ
ണ്ട് അറിയുന്നതു യോഗരൂഢം, അവയവാർത്ഥംകൊണ്ടുമാത്രം അർത്ഥം
സിദ്ധിക്കുന്നവ യൗഗികം. യൗഗികരൂഢാർത്ഥങ്ങളിൽ നിന്നു വേറിട്ടു സ്വ
തന്ത്രമായി അർത്ഥവിവക്ഷ ഉള്ളവ യൗഗികരൂഢം.

ലക്ഷകം മൂന്നുതരം. പദത്തിൽ വാച്യാർത്ഥം ലക്ഷ്യാർത്ഥത്തോടു ചേ
രാതെയുള്ളതു ജഹലക്ഷക. വാച്യാർത്ഥവും ലക്ഷ്യാർത്ഥവും ചേരുന്നവ അജ
ഹലക്ഷക. പദത്തിൽ വാച്യാർത്ഥത്തിന്റെ ഒരു ഭാഗം ചേർന്നും മറ്റൊരു
ഭാഗം ചേരാതെയും ഇരിക്കുന്നവ ജഹദജഹലക്ഷക അഥവാ ഉഭയലക്ഷക.
ഈ രീതിയിലുള്ള നാമവിഭജനക്രമമാണു സംസ്കൃതത്തിന്റേതായി പരിഗണി
ച്ചത്. സംസ്കൃതത്തിൽ സുബന്തം തിങ്ന്തം എന്നു രണ്ടുപദവിഭാഗങ്ങളാണു
മുഖ്യം. സ്വരം തുടങ്ങിയ ചില ലക്ഷണങ്ങൾ വിധികൾക്കായി ചേർത്തവയാ
ണ് നിപാതവും ഉപസർഗവും. ജാതി, ഗുണം, ക്രിയ ഇവയെ ആശ്രയിച്ചാണു
വാക്കുകൾ വൃക്ഷം (ജാതി) സൗന്ദര്യ (ഗുണം) പറയൽ (ക്രിയ) ഉണ്ടാകുന്നത്.
ജാതിഗുണക്രിയകളെ മുഖ്യമായും അതതുകളുടെ സ്ഥാനങ്ങളായ ദ്രവ്യങ്ങളെ
അമുഖ്യമായും കാണിക്കുന്നു.

തുടർന്നു തമിഴിൽ നാമവിഭജനം എങ്ങനെയാണെന്നു പരിശോധി
ക്കുന്നു.

തമിഴ് വ്യാകരണത്തിൽ പദവും മൊഴിയും ചൊല്ലും പര്യായങ്ങളാണ്.
അർഥത്തെ ബോധിപ്പിക്കുന്നവയാണു പദം/ മൊഴി/ ചൊല്ല്. പ്രത്യയങ്ങ
ളുടെ സാന്നിദ്ധ്യവും അസാന്നിദ്ധ്യവും അടിസ്ഥാനമാക്കി പദങ്ങളെ രണ്ടാ
യിത്തിരിച്ചിട്ടുണ്ട്. പ്രത്യയയോജനയ്ക്കുമുൻപു തന്നെ പ്രയോഗാർഹമായവ
യെ പകാപ്പദമെന്നും പ്രത്യയങ്ങൾ ചേർന്ന രൂപങ്ങളെ പകുപദമെന്നും
വർഗീകരിച്ചിരിക്കുന്നു. പേർപകാപ്പദം, വിനൈപകാപ്പദം, ഉരിപകാപ്പദം,

ഇടൈപകാപ്പദം എന്നിങ്ങനെ പകാപ്പദങ്ങൾ നാലുതരം. പേർപകാപ്പദവും (നിലത്താൻ, നിലങ്കൽ), വിനൈപകാപ്പദവും (നൊന്താൻ, നടക്കിൻറാൻ) പ്രത്യയം സ്വീകരിച്ച പകുപ്പദങ്ങളാകും. ഉരിപകാപ്പദവും (ഉരു,കഴി), ഇടൈ പകാപ്പദവും (മൻ, കോൻ) പ്രത്യയം സ്വീകരിക്കാത്തതുകൊണ്ടു പകുപ്പദങ്ങ ളാകില്ല.

ആർത്ഥികാടിസ്ഥാനത്തിലുള്ള വർഗ്ഗീകരണരീതി മൊഴിയെ അടി സ്ഥാനമാക്കിയുള്ളതാണ്. മൊഴി മൂന്നുവിധം. ഒരു മൊഴി, തൊടർമൊഴി, പൊതുമൊഴി, എന്നിവയാണവ. ഒരു അർത്ഥത്തെ പ്രകാശിപ്പിക്കുന്നത് ഒരു മൊഴി (നിലം, നട). ഒരുമൊഴിയിൽ പേർമൊഴി, വിനമൊഴി, ഇടമൊഴി, ഉരുമൊഴി ഉൾപ്പെടുന്നു. പേർമൊഴി പേരിനെയും (നിലം, നിലത്തൻ, നട), വിനമൊഴി ക്രിയയെയും (നട, നടന്താൻ), മൻ, കോൻ മുതലായവ ഇടമൊഴി യെയും, ഉരി, കഴി എന്നിവ ഉരുമൊഴിയെയും സൂചിപ്പിക്കുന്നു. പല അർത്ഥ ങ്ങളെ സൂചിപ്പിക്കുന്നവയാണ് തുടർമൊഴി. പൊതുമൊഴി ഒരർത്ഥത്തെയും പല അർത്ഥത്തെയും ബോധിപ്പിക്കുന്നവയാണ്.

പദങ്ങളെ ചൊല്ലുകളായും വർഗീകരിച്ചിട്ടുണ്ട്. ഇതും ആർത്ഥികവർ ഗീകരണമാണ്. വെളിപ്പെടചൊൽ, കുറിപ്പുചൊൽ എന്നിങ്ങനെ മുഖ്യമായും രണ്ടുതരം. നേരെയുള്ള അർത്ഥം മാത്രമുള്ളവയാണു വെളിപ്പെടചൊല്ലിലു ള്ളത്. രാമൻ വന്തു എന്നതിന് നേരേയുള്ള അർത്ഥം മാത്രമേയുള്ളൂ. ഒരു അർത്ഥത്തെ ലക്ഷ്യമായി കാണിക്കുന്നതാണു കുറിപ്പുചൊൽ. ആയിരംപേർ പൊരുതു എന്നതിലെ ക്രിയാപദം പുരുഷന്മാരെ ലക്ഷ്യമാക്കുന്നുവെന്നാണു നല്കിയിട്ടുള്ള ഉദാഹരണം. പദാർത്ഥാടിസ്ഥാനത്തിൽ ചൊല്ലുകളെ ഇയർ ച്ചൊൽ, തിരിച്ചൊൽ, തിശൈചൊൽ, വടചൊൽ എന്നു നാലുവിധമായി തി രിച്ചിട്ടുണ്ട്. പാമര-പണ്ഡിതഭേദമെന്യേ സാധാരണ അർത്ഥം ദ്യോതിപ്പിക്കു ന്ന പദങ്ങളാണ് ഇയർച്ചൊൽ. ഇതിലുൾപ്പെടുന്നവയാണു പേരിയർച്ചൊൽ (മൺ, പൊൻ), വിനയൈർചൊൽ (നടന്താൻ, വന്താൻ), ഉരിയർചൊൽ (അഴക്, അൻപു) എന്നിവ.

ഒരർത്ഥത്തെക്കുറിക്കുന്ന പല ചൊല്ലും പല അർത്ഥത്തെ കാണിക്കുന്ന ഒരു ചൊല്ലുമാണ് തിരിച്ചൊൽ. ഇതിൽ പലപേർ തിരിച്ചൊൽ (കിളി, ശുകം, തത്ത- കിളിയെന്ന ഒരേ അർത്ഥം), ഒരു പേർ തിരിച്ചൊൽ (വാരണം, ആന, കോഴി -നാനാർത്ഥരൂപങ്ങൾ) പലവിനൈതിരിച്ചൊൽ (ചെന്നാൻ, പോയിനാൻ - ഒരർത്ഥം) ഒരു പൊരുൾ തിരിച്ചൊൽ (വരൈന്താൻ, കൊണ്ടാൻ -പല ക്രിയകളെ കുറിക്കുന്നതവ), ചേറും, വരുതും ഇവയുടെ റും, തും പ്രത്യയങ്ങൾ ഉത്തമപുരുഷബഹുവചനം, ഭാവി ഈ രൂപങ്ങളിൽ ഒരേ അർത്ഥത്തെ കാട്ടുന്ന പല ഇടത്തിരിച്ചൊൽ, പല അർത്ഥങ്ങളെക്കുറിക്കുന്ന ഒരു ഇടത്തിരിച്ചൊൽ (കൊൽ, ഇതു, അയ്യം), പല ഉരിത്തിരിച്ചൊൽ (ചാല, ഉറു, തനി), ഒരു ഉരിത്തിരിച്ചൊൽ (കാപ്പു, അച്ചം, വിളക്കം) എന്നിവ തിരി ച്ചൊല്ലിന്റെ ഉപവിഭാഗങ്ങളാണ്.

തിശൈചൊൽ കരിന്തമിഴ്ദേശത്തുനിന്നും ചെന്തമിഴ്ദേശത്തെത്തിയ

ഭാഷാഭേദരൂപങ്ങളാണ് (പെറ്റം -പശു, തള്ള -അമ്മ). സംസ്കൃത വായ്പപദങ്ങളാണ വടചൊല്ല്. ഇവയിൽ ചിലത് ഉച്ചാരണത്തിന വഴങ്ങുന്നവയും (കമലം, കാരണം) ചിലത് അക്ഷരങ്ങളുടെ അഭാവംകൊണ്ട് ഉച്ചാരണത്തിന വഴങ്ങാത്തവയുമാണ്. അത്തരം വാക്കുകളെ തമിഴെഴുത്തിലേക്കു മാറ്റി ഉച്ചരിക്കുകയാണ പതിവ് (ചുകി-ശുകി, മുത്തി -മുക്തി). രണ്ടുഭാഷകളിലെയും അക്ഷരങ്ങൾ ചേർന്നുണ്ടായ പദങ്ങളാണ ചിതൈചൊൽ. ഹരൻ ലെ ഹ -അ ആയി ന്യൂനപ്പെടുകയും ബാക്കിയുള്ളവ മാറ്റത്തിന വിധേയമാകാതെ -അരൻ എന്ന് ഉച്ചരിക്കുകയും ചെയ്യുന്നു.

ചൊല്ലുകളെ വ്യാകരണശാസ്ത്രമനുസരിച്ച് ആറായിത്തിരിക്കുന്നുണ്ട്. വ്യാകരണശാസ്ത്രാനുസാരം ഇരിക്കുന്ന ലക്ഷണസമ്പന്നമായവയാണ് ഇലക്കണമുടയത് (നിലം, നീർ, കാറ്റ്). അക്ഷരവിന്യാസക്രമം പാലിക്കാതെ ലക്ഷണാഭാസം ഉള്ളവയാണെങ്കിലും ലക്ഷണം ഉള്ളതുപോലെ തോന്നിക്കുന്നവ (കോവിൽ >കോയിൽ, നകരപ്പുറം >പുരനകർ, കൺഞ്ചി >മീകൺ) ആണ് ഇലക്കണപൊലി. ഒട്ടും ലക്ഷണയുക്തമല്ലാതെ രൂപപ്പെടുന്നവയാണ് മരുഉ വിഭാഗത്തിൽ പെടുന്നത് (മലൈമാനാട് >മലാട് ആയി മാറുന്നത്). ഉച്ചാരണയോഗ്യമല്ലാത്ത വാക്കുകളെ (സഭ്യേതരപദങ്ങൾ) മറച്ചുവച്ചു പറയുന്നതാണ് ഇടക്കരടക്കൽ (കാൽകഴുകി വരട്ടെ-മലശുദ്ധി വരുത്തുക). മംഗല്യമല്ലാത്തതിനെ മംഗലമെന്നു പറയുന്നതാണ മങ്കളം (ചത്തു എന്നതിനുപകരം അയാളുടെ കാര്യമൊക്കെ സുഖമായി എന്നുപറയുന്ന രീതി). ഒരു സമുദായത്തിലുള്ളവർ വസ്തുവിന്റെ പേരിനെ മാറ്റി മറ്റൊരു പേരുകൊണ്ടു പറയുന്നതാണ് കഴുഉക്കറി ഗണം. പൊർക്കൊല്ലർ (തട്ടാന്മാർ) പൊന്നിനെ പറിയെന്നും ആനക്കാരന്മാർ മുണ്ടിനു കാരയെന്നും വേടന്മാർ കള്ളിനെ ചൊൽവിളമ്പിയെന്നും പറയുന്നരീതി.

നാമങ്ങളെ പേരുകളായും വർഗീകരിച്ചിട്ടുണ്ട്. ഇടക്കുറിപ്പേരെന്നും കാരണപ്പേരെന്നും അവയെ ഇടുകുറിമരവും കരണക്കുറിമരവും എന്നിങ്ങനെയും വിഭജിക്കുന്നു. കൂടാതെ പേരുകളെ മറ്റ് എട്ടുവിഭാഗങ്ങളായി തിരിക്കുന്നുമുണ്ട്.

1. പൊരുൾപ്പേര് -പൊരുളെസ്സംബന്ധിക്കുന്നവ (രാമൻ, ഒരുവൻ, പൊന്നൻ)
2. ഇടപ്പേര്- ഇടങ്ങളെ (സ്ഥാനങ്ങളെ) സംബന്ധിക്കുന്നവ (എയിനൻ, ഇടയൻ, ചോഴിയൻ, അകത്താൻ)
3. കാലപ്പേര്-കാലത്തെ സംബന്ധിക്കുന്നവ (സംവത്സരം, മാസം)
4. വിനൈപ്പേര്- അവയവങ്ങളെസ്സംബന്ധിക്കുന്നവ (ചെങ്കണ്ണാൻ, നെടുങ്കയ്യാൻ)
5. ഗുണപ്പേര് - ഗുണത്തെ സംബന്ധിക്കുന്നവ (അരചൻ, ചേരൻ, പുലവൻ)
6. തൊഴിൽപ്പേര് - തൊഴിൽസംബന്ധിച്ചുള്ളവ (ഓതുവാൻ, ഈവാൻ)

7. ചുട്ടപ്പേര് - ചൂണ്ടുസർവ്വനാമങ്ങൾ (അവൻ, ഇവൻ)
8. വിനാപ്പേര് - ചോദ്യസർവ്വനാമങ്ങൾ (എവൻ, യാവൻ)

ഈ എട്ടുഗണത്തിലും പെടാത്ത ചില പേരുകളുണ്ട്. അവയെ അന്യങ്ങളായവയായി കാണുന്നു (പിറൻ = അന്യൻ, മറ്റയാൻ = മറ്റവൻ)

തക്കതായ അർത്ഥത്തെ കാട്ടുന്നവയെ ഇയർപ്പേരെന്നും ഒരർത്ഥത്തോടൊപ്പം വേറൊരു അർത്ഥത്തെ ചേർത്തുപറയുന്നവയെ ആക്കപ്പേരെന്നും പറയുന്നു. കാൽ എന്നത് കണക്കിനെ സൂചിപ്പിക്കുമ്പോൾ ഇയർപ്പേരും ശരീരാവയവത്തെക്കൂടി കാണിക്കുമ്പോൾ ആക്കപ്പേരുമാകും. ആക്കപ്പേരിനുള്ള അധികവിഭജനവും സ്വാമികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്കൃതത്തിലെ നാമവിഭജനത്തെ അപേക്ഷിച്ച് കൂടുതൽ സൂക്ഷ്മതയും വൈവിദ്ധ്യവും കാണുന്നതു തമിഴ്പാരമ്പര്യത്തിലാണെന്നു വ്യക്തമായല്ലോ. രണ്ടുഭാഷകളിലെയും നാമസങ്കല്പവും സമീപനവും വ്യത്യസ്തമാണെന്നു സ്വാമികൾ പറഞ്ഞുവച്ചു. നാമത്തോടൊപ്പം ഉപസർഗ്ഗം, നിപാതം എന്നീ ശബ്ദവിഭാഗങ്ങളാണു സംസ്കൃതത്തിൽ ഉള്ളത്. ആഖ്യാതം പൂർണ്ണക്രിയയാകുന്നു. ക്രിയാധാതുക്കളോടു ചേർന്നുനിന്ന് അവയ്ക്ക് അർത്ഥവ്യത്യാസം ഉണ്ടാക്കുന്ന ഒരുതരം ശബ്ദമാണ് ഉപസർഗം. സ്വരങ്ങളുടെ വ്യത്യാസം കാണിക്കുന്ന ഒരുവിധം ഇടച്ചൊല്ലാണു നിപാതം. ഇവയോരോന്നും തുടർന്നു പരിശോധിക്കാം.

സംസ്കൃതത്തിൽ വാക്കുകളെല്ലാം ക്രിയാധാതുക്കളിൽനിന്നുണ്ടാകുന്നു. ധാതുക്കൾ മാത്രമായി പ്രയോഗയോഗ്യമല്ല. ധാതുക്കളോടു കൃത്പ്രത്യയങ്ങളും സുപ് പ്രത്യയങ്ങളും ചേർന്നാണു പ്രയോഗയോഗ്യമായ പദങ്ങളുണ്ടാകുന്നത്. സുപ് പ്രത്യയങ്ങളെന്നതു വിഭക്തിപ്രത്യയങ്ങളാണ്. ക്രിയാധാതുക്കൾ പ്രത്യയയോജനയോടുകൂടിയാണു നാമം, ഉപസർഗ്ഗം, നിപാതം എന്നീ ശബ്ദവിഭാഗങ്ങളുണ്ടാകുന്നത്. വിഭക്തിപ്രത്യയങ്ങൾ ധാതുവിനോടു ചേർന്ന്, അതായതു സുപ്അന്തത്തോടു കൂടിയവ സുബന്ധങ്ങളാകുന്നു. ധാതുവിനോടു കൃത് പ്രത്യയം ചേർന്നതിനുശേഷമാണു സുപ് പ്രത്യയം ചേർന്നു പ്രയോഗയോഗ്യമായ പദം ഉണ്ടാകുന്നത്. രമ് എന്ന ധാതുവിനോട് ഘഞ് എന്ന കൃത് പ്രത്യയം ചേരുമ്പോൾ രാമ എന്ന നാമപദം ഉണ്ടാകുന്നു. അതിനോട് സു- ഃ വിഭക്തിപ്രത്യയം ചേർന്ന് രാമഃ എന്ന സുബന്ധനാമപദം ഉണ്ടാകുന്നു.

'ദ്' എന്ന ധാതുവിൽ 'ഉസ്' എന്ന കൃത് പ്രത്യയവും 'സ്' എന്ന വിഭക്തിപ്രത്യയവും ചേരുമ്പോൾ വിഭക്തിപ്രത്യയം ലോപിച്ച് 'ദുസ്' എന്ന ഉപസർഗമുണ്ടാകുന്നു.

അവ് എന്ന ധാതുവിൽ ഉം എന്ന കൃത് പ്രത്യയം ചേരുമ്പോൾ വകാരലോപം സംഭവിച്ച് 'അ ഉം' എന്ന രൂപത്തിൽ അ യും ഉം വും ചേർന്ന് 'ഓ' ആയി മാറി 'ഓം' എന്ന രൂപമുണ്ടാകുന്നു. അതിനോടൊപ്പം വിഭക്തിപ്രത്യയമായ 'സ്' ചേരുമ്പോൾ, വിഭക്തിപ്രത്യയം ലോപിച്ച് 'ഓം' എന്ന നിപാതപദം ഉണ്ടാകും.

തമിഴിൽ സംസ്കൃതത്തിൽനിന്നു വ്യത്യസ്തമാണു പദോത്പത്തി. ധാ

ത്തുക്കളിൽനിന്നല്ല തമിഴിൽ നാമപദങ്ങൾ ഉണ്ടാകുന്നത്. പ്രത്യയയോജന ഇല്ലാതെതന്നെ നാമങ്ങൾ പ്രയോഗയോഗ്യമാണ്. ഇടച്ചൊൽ, ഉരിച്ചൊൽ വിഭാഗങ്ങളിലുള്ള പദങ്ങൾ ഇതിന് ഉദാഹരണമാണ്. നട, വാ, വിട്ടു മുതലായ ക്രിയാപദങ്ങളും പ്രത്യയം കൂടാതെ പ്രയോഗയോഗ്യമാണ്. ഇരു ഭാഷകളിലെയും പദനിർമിതി വ്യത്യസ്തമാണെന്ന് ഇതുവഴി തെളിയിക്കുക യാണു സ്വാമികൾ.

സംസ്കൃതത്തിലെപ്പോലെ ഉപസർഗം ചേർത്തു ഭിന്നാർത്ഥം ഉണ്ടാക്കു ന്ന രീതി തമിഴിൽ ഇല്ല. സംസ്കൃതത്തിൽ ഉദാത്തസ്വരങ്ങളുടെ വ്യത്യാസ ത്തെ നിപാതം സൂചിപ്പിക്കുന്നു. തമിഴിൽ ഉദാത്തസ്വരങ്ങളില്ലാത്തതിനാൽ സ്വരവ്യത്യാസം സൂചിപ്പിക്കുന്ന നിപാതമില്ല.

സംസ്കൃതത്തിൽ പദരചന സാധ്യമാകുന്നതു ധാതുവിനോടു പ്രത്യയം ചേരുന്നതുവഴിയോ ആഗമം, ആദേശം തുടങ്ങിയുള്ള വർണ്ണവികാരങ്ങളിലൂ ടെയോ ആണ്.

രമ് (ധാതു)+ 'അ'(കൃത് പ്രത്യയം) >രാമ (ദീർഘം -അകാരാദേശം). ഇതോട് വിസർഗരൂപം വിഭാഗത്തു (വിഭക്തിപ്രത്യയം) ചേർച്ചവരുമ്പോൾ രാമഃ എന്ന പദം ആകും.

സംസ്കൃതത്തിൽ പ്രത്യയങ്ങളെ പ്രത്യേകമായി തരംതിരിച്ചുമനസ്സിലാ ക്കുന്നു. എന്നാൽ അവ തമിഴിൽ ഇടച്ചൊല്ലിന്റെ ഭാഗമായാണ് ഉൾക്കൊള്ളി ച്ചിരിക്കുന്നത്. അതോടൊപ്പം ഇടനിലൈ, ചാരിയൈ എന്നു രണ്ടു ജാതി ശബ്ദങ്ങളും പദാന്തത്തിൽ വരും. ഇവയ്ക്കു പകരമായി സംസ്കൃതത്തിൽ ആഗമ ത്തെയാണു കാണുന്നത്.

സർവ്വനാമങ്ങൾ സംസ്കൃതത്തിൽ നാമത്തിന്റെ ഒരു പിരിവ് ആയി കാണുന്നു. ഒരു വിഭാഗമായിട്ടല്ലാതെ തമിഴിൽ ഇവയെ കൂടുതൽ സൂക്ഷ്മമാ യി വർഗീകരിച്ചിട്ടുണ്ട്. ചുട്ട്, വിനം മന്നിലൈ (മധ്യമപുരുഷൻ) തൻമൈ, പിരിയിട എന്നിങ്ങനെയുള്ള വിഭജനംകൊണ്ടുതന്നെ സംസ്കൃതത്തിൽ നിന്നു വ്യത്യസ്തമായി സർവ്വനാമങ്ങളെ തമിഴിൽ നിർണയം നടത്തിയിരി ക്കുന്നുവെന്നു വ്യക്തമാണ്.

ഇരുഭാഷകളുടെയും പദവർഗീകരണം പരിശോധിച്ച സ്വാമികൾ ചില സന്ദേഹങ്ങളും നിരീക്ഷണങ്ങളും നടത്തുന്നുമുണ്ട്. ഇയർച്ചൊൽ, തി രിച്ചൊൽ, തിശൈച്ചൊൽ, വടച്ചൊൽ എന്നിവയുടെ താരതമ്യപരിശോധന യിൽ വടച്ചൊല്ലും തിശൈച്ചൊല്ലും സംസ്കൃതത്തിന് ആവശ്യമില്ല. സംസ്കൃത വാക്കുകൾ തമിഴിൽ കലർന്നതിനുശേഷമാണ് വടച്ചൊൽവിഭാഗം വന്നത്. പ്രാദേശികഭേദം സംസ്കൃതത്തിലില്ലാത്തതുകൊണ്ടു തിശൈച്ചൊല്ലും ബാധ കമല്ല. വാരണം എന്ന വാക്ക് ആന, ദന്തി കളിറ് എന്നിങ്ങനെ ഒരർത്ഥത്തെ കാട്ടുന്ന പലവാക്കായും ആന, ശംഖ്, കോഴി ഇത്യാദി പല അർത്ഥമുള്ള ഒരു വാക്കായും കാണുന്നു. ഇത്തരത്തിൽ രണ്ടുലക്ഷണങ്ങളാണു തിരിച്ചൊല്ലിനു ള്ളത്. നാനാർത്ഥമുള്ള ഒരുവാക്കിനെ ഒരുവാക്കായി ഗണിക്കാമെങ്കിലും ഒരേയർത്ഥത്തെ സൂചിപ്പിക്കുന്ന പല വാക്കുകളെ ഒരുവാക്കായി എങ്ങനെ

കരുതുമെന്ന സന്ദേഹം സ്വാമികൾ ഉന്നയിക്കുന്നു. നിലം വലുത്, വലിയനിലം എന്നവിധം ഒരുവാക്കിന്റെ അർത്ഥത്തിൽ മറ്റൊരുവാക്കിന്റെ അർത്ഥം കലർന്നിരിക്കുന്നതുകൊണ്ടു തൊടർമൊഴി എന്ന ഗണത്തെക്കുറിച്ചും സന്ദേഹിക്കുന്നു.

ഇയർച്ചൊല്ലിന്റെ കാര്യത്തിലും സ്വാമികൾ സൂക്ഷ്മതക്കുറവ് കണ്ടെത്തുന്നു. മൺ, പൊൻ, മരം, അഴക്, അൻപ് മുതലായ ഇയർച്ചൊൽപദങ്ങൾ പല അർത്ഥങ്ങൾ ദ്യോതിപ്പിക്കുന്ന ഒരു ചൊൽവകുപ്പിലും ഒരർത്ഥം കാട്ടുന്ന പലചൊൽവകുപ്പിലും ചേർന്നിരിക്കയാൽ തിരിച്ചൊല്ലിൽനിന്നു ഭിന്നമാകുന്നില്ല. മൺ= ഒപ്പനൈ, ചുട്ടുചാമ്പല്, ഭൂമി, മല, സൗഭാഗ്യം എന്നിങ്ങനെ പല അർത്ഥങ്ങളെ കാണിക്കുന്ന ഒറ്റവാക്കാണ്. അതോടൊപ്പം ഏകാർത്ഥവാചിയുമാണ്. സന്ദേഹം ഉന്നയിക്കുമ്പോഴും അതിനുള്ള സമാധാനം കണ്ടെത്താനും സ്വാമികൾ ശ്രമിക്കുന്നുണ്ട്. ആദ്യം ഏകാർഥമായിരുന്നവ നാനാർത്ഥമായി ഒരർത്ഥത്തിന് അനേകം വാക്കുകളും അനേകാർത്ഥത്തിന് ഒറ്റവാക്കും ഉണ്ടായതായിരിക്കാം എന്ന സമാധാനവും പറയുന്നുണ്ട്.

തമിഴിൽ ലക്ഷണയുക്തമല്ലാത്ത പദങ്ങൾ നടപ്പിലുണ്ട്. ജീവൻ, ജഡം എന്നിവയുടെ ഗുണത്തെയും ക്രിയയെയും അവയ്ക്ക് ആധാരമായ വസ്തുക്കളെയും കാണിക്കുന്ന ഉരുചൊല്ലുകൾ ഉദാഹരണമാണ്. സംസ്കൃതമുറയ്ക്ക് എതിരായ പ്രയോഗങ്ങളാണിവ. വിശേഷണമായും നാമമായും പേരെച്ചവിനയെച്ചമായും പ്രയോഗിക്കുന്നുണ്ട്. ഗുണനാമമായും ക്രിയാനാമമായും കാണുന്നുണ്ട്. ചില സന്ദർഭങ്ങളിൽ പൂർണക്രിയയായും ക്രിയയിൽനിന്നുണ്ടായ ക്രിയാവിശേഷണമായും നാമവിശേഷണമായും പ്രയോഗിക്കാറുണ്ട്. പദ്യങ്ങളിലാണ് ഇവയുടെ സാന്നിദ്ധ്യമെന്നു പൊതുവേ പറയുമെങ്കിലും സാധാരണസംഭാഷണങ്ങളിലും ഇവ ഉപയോഗിക്കുന്നുണ്ട്. ഉദ്ദേശ്യം, ഗുണം എന്നിവ സൂചിപ്പിക്കാൻ നാമത്തിന്റേയോ ക്രിയയുടെയോ രൂപത്തിൽ പല അർത്ഥമുള്ള ഒരു പദമായോ ഒരേ അർത്ഥമുള്ള പല പദമായോ വരും. ലക്ഷണയുക്തമല്ലാത്ത ഇവയ്ക്ക് അവ്യാപ്തിദോഷം പറയാറുണ്ട്. വ്യാകരണവിധിക്കിണങ്ങാത്ത ശബ്ദങ്ങളെ (പൃ ഷോ ദാരാദി വർഗം) സംസ്കൃതത്തിൽ പ്രയോഗിക്കാറുണ്ട്. സംസ്കൃതത്തെ അനുകരിച്ചുണ്ടാക്കിയതാണ് ഉരിച്ചൊല്ലെന്ന സംശയവും ഉന്നയിക്കുന്നുണ്ട്.

തമിഴിൽ ഇലക്കണപ്പിരിവ് അനുസരിച്ച് ഉരിച്ചൊൽ വിധിച്ചിരിക്കുന്നു. സംസ്കൃതത്തിനു വിപരീതമായി മുൻകാലങ്ങളിൽ തൊഴിൽപേർ, വന്പുപേർ (ക്രിയാനാമം, ഗുണനാമം) നാമങ്ങളിൽ പെടുത്താതെ ഉരിചൊല്ലുകളായാണ് കണക്കാക്കിയത്. പില്ക്കാലത്തു ക്രിയാനാമം, ഗുണനാമം എന്നിങ്ങനെ രണ്ടുവിഭാഗങ്ങൾ കൂട്ടിച്ചേർത്തു.

തമിഴിലെ കുറിപ്പുചൊൽ വെളിപ്പടചൊൽ എന്നിവയ്ക്കു തത്തുല്യവിഭാഗം സംസ്കൃതത്തിലില്ല. ശക്തം, ലക്ഷകം, വ്യഞ്ജകം എന്നിവയ്ക്കു ചില സാമ്യങ്ങൾ കാണാമെങ്കിലും സമാനമല്ലിവ.

ഒരർത്ഥത്തിന്റെ സംബന്ധംമൂലം വ്യക്തമായി വേറൊരു അർത്ഥത്തെ

ലക്ഷ്യമായി അറിയിച്ചാൽ അതു ലക്ഷകമാണെങ്കിലും കുറിപ്പുചൊല്ലുകൾ ഇതിനു സമാനമല്ല. തമിഴിലെ ആകുപേര് ലക്ഷകത്തിനു സമാനമാണ് എങ്കിലും നിർണയിക്കുന്നതിൽ ഭേദമുണ്ട്. ഇരുഭാഷകളിലും വിശേഷണവിശേഷ്യങ്ങളെ കാട്ടുന്ന രീതിയും വ്യത്യസ്തമാണ്

ഇരുഭാഷകളുടെയും പദവ്യവസ്ഥാതാരതമ്യത്തിലൂടെ അവയുടെ പ്രകടമായ വൈജാത്യങ്ങൾ വെളിപ്പെടുത്താൻ കഴിഞ്ഞു. അതുവഴി തമിഴിന്റെ ധൈഷണികസമ്പത്തു സംസ്കൃതത്തിൽനിന്ന് ഒട്ടും കുറവല്ലെന്നും മൗലികമെന്നും സ്ഥാപിക്കാൻ സ്വാമികൾക്കു കഴിഞ്ഞു. ഇത്തരത്തിലുള്ള ഒരു സമീപനവും സ്വാമികൾക്കു മുൻപുണ്ടായിട്ടില്ല. ദ്രാവിഡഭാഷാചരിത്രത്തിൽ നടാടെ നടന്ന വിപുലമായ അന്തർപദവ്യവസ്ഥാതാരതമ്യപഠനമായിരുന്നു സ്വാമികൾ ചെയ്തത്.

## ലിംഗനിരൂപണം

ഇരുഭാഷകളിലെ ലിംഗവ്യവസ്ഥയെക്കുറിച്ചുള്ള പരിശോധനയാണ് ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സംസ്കൃതത്തിൽ പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം എന്ന ത്രിലിംഗവ്യവസ്ഥയാണുള്ളത്. തിങന്തങ്ങൾ, അവ്യയങ്ങൾ ഇവയൊഴിച്ച് എല്ലാ പദങ്ങൾക്കും ലിംഗവ്യവസ്ഥ സാധകമാണ്. ത്രിലിംഗവ്യവസ്ഥ പ്രകൃതിനിയമനുസരിച്ചാണെങ്കിലും സംസ്കൃതത്തിൽ ഈ വ്യവസ്ഥ കൃത്യമായി പാലിക്കപ്പെടുന്നില്ല. വൃക്ഷലതാദികളിലും അചേതനങ്ങളിലും ലിംഗഭേദം അടയാളപ്പെടുത്തിയിട്ടുണ്ട്. സംസ്കൃതത്തിലുള്ള ലിംഗവ്യവസ്ഥാക്കേടിനു കവികളാണ് ഉത്തരവാദികൾ എന്നു പറയാറുണ്ട്. ഭാവനാസൃഷ്ടികളായാണ് ഈ ലിംഗവ്യവസ്ഥാക്കേട് ഉണ്ടായത്.

പതഞ്ജലിയുടെ അഭിപ്രായത്തിൽ ലോകത്തിലുള്ള സകലവസ്തുക്കളും മൂന്നുലിംഗങ്ങളോടു കൂടിയവയാണ്. ആവിർഭാവം, തിരോഭാവം, സ്ഥിതി എന്ന മൂന്നുഭാവങ്ങൾ എല്ലാ വസ്തുക്കൾക്കും ഉണ്ടെന്നതാണ് ഇതിന്റെ അടിസ്ഥാനം. ആവിർഭാവം പുരുഷഗുണവും തിരോഭാവം സ്ത്രീഗുണവും സ്ഥിതി നപുംസകഗുണവുമാണ്. പാണിനീമഹർഷി ഇന്ന ശബ്ദം ഇന്ന ലിംഗം ആണെന്ന് ലോകവ്യവഹാരത്തിൽനിന്നു മനസ്സിലാക്കണമെന്നാണു പറയുന്നത്. ലിംഗാനുശാസനത്തിൽ ഇന്നിന്ന പ്രത്യയങ്ങളുള്ളവ ഇന്നിന്ന ലിംഗങ്ങളെന്ന സാമാന്യവിധിയും ഇന്നിന്നശബ്ദങ്ങൾ ഇന്നിന്ന ലിംഗമുള്ളവയെന്ന വിശേഷവിധിയും പാണിനി കൊടുത്തിരിക്കുന്നു. വിശേഷണ പദങ്ങൾ വിശേഷ്യത്തിന്റെ സമാനലിംഗങ്ങളായിരിക്കണം.

സംസ്കൃതത്തിൽ ആ ഈ തീ എന്നിവയാണ് സ്ത്രീലിംഗപ്രത്യയങ്ങൾ. പുല്ലിംഗത്തിനും നപുംസകലിംഗത്തിനും തത്തുല്യമായ രീതിയിൽ പ്രത്യേകപ്രത്യയങ്ങളില്ല. വിഭക്തിപ്രത്യയങ്ങൾക്കു ചില വ്യത്യാസങ്ങൾ വന്ന് അവ അറിയപ്പെടുന്നു. വിസർഗ്ഗം (:) സ്ത്രീലിംഗ, നപുംസകങ്ങളിലില്ല. അം - നപുംസകപ്രത്യയമാണ്. ചില ശബ്ദങ്ങൾ ലിംഗഭേദം കാണിക്കാറില്ല. സന്ദർഭാനുസരണം അടുത്തുള്ള ശബ്ദങ്ങളുടെ ലിംഗവിഭക്തികളാൽ ലിംഗാർ

ത്ഥം ഗ്രഹിക്കുകയാണ പതിവ്.

തമിഴിൽ സ്ത്രീലിംഗം, പുല്ലിംഗം, സാമാന്യലിംഗം എന്ന ത്രിലിംഗ വ്യവസ്ഥയാണുള്ളത്. ദേവന്മാർ, മനുഷ്യർ, നരകർ എന്നീ ഉയിർതിണ ചൊല്ലുകളിൽപ്പെടുന്ന നാമങ്ങളായും പക്ഷിമൃഗാദികളും അചേതനങ്ങളും അറിണചൊല്ലുകൾ എന്ന വിഭാഗത്തിലും പെടുന്നു. ഉയിർത്തിണ ചൊല്ലുകൾ ത്രിലിംഗവ്യവസ്ഥ പിന്തുടരുന്നു. അറിണചൊല്ലുകൾ ബഹുവചനപ്രത്യയങ്ങൾ ചേർക്കുന്നു (മരം, മരങ്ങൾ). അറിണയിൽ ഏകലിംഗം അനേകലിംഗം എന്ന രണ്ടുവിധം ഏകത്വം ബഹുത്വത്തെ കാണിക്കുന്നു. തമിഴിൽ അൻ, ആൻ, മൻ, മാൻ എന്നിവയാണ പുല്ലിംഗപ്രത്യയങ്ങൾ. അർ, ആൾ, ഇ എന്നിവയാണ സ്ത്രീലിംഗപ്രത്യയങ്ങൾ. അർ, മാർ, കൾ എന്നിവ സാമാന്യലിംഗപ്രത്യയങ്ങളാണ്. തു, അൽ ഏകലിംഗപ്രത്യയങ്ങളും കൾ, വൈ അനേകലിംഗപ്രത്യയങ്ങളുമാണ്.

കാൽഡ്വെല്ലിന്റെ നിരീക്ഷണങ്ങൾ ഇവിടെ പരിശോധിക്കേണ്ടതുണ്ട്. ദ്രാവിഡഭാഷകളെല്ലാം അചേതനവസ്തുക്കളുടെയും വിശേഷബുദ്ധി ഇല്ലാത്ത ജീവികളുടെയും പേരുകൾ നപുംസകലിംഗരൂപത്തിലാണ്. പ്രഥമപുരുഷ സർവ്വനാമങ്ങളിൽ മാത്രമാണ പുല്ലിംഗസ്ത്രീലിംഗവ്യത്യാസമുള്ളത്. പുരുഷവാചിപ്രത്യയങ്ങൾ ചേർക്കുന്ന ഭേദകങ്ങളിലും ഈ ലിംഗവ്യത്യാസം കാണാം. പ്രഥമപുരുഷസർവ്വനാമങ്ങളിലെന്നവണ്ണം പ്രഥമപുരുഷപ്രക്രിയാശബ്ദങ്ങളിലും സർവ്വനാമപ്രയോഗങ്ങൾ ചേർക്കുന്നതുകൊണ്ട് ഏകവചനത്തിൽ മൂന്നുരൂപങ്ങളും ബഹുവചനത്തിൽ രണ്ടുരൂപങ്ങളും ലിംഗവ്യത്യാസസൂചന നല്കുന്നു. മറ്റെല്ലാത്തിലും ലിംഗഭേദം സൂചിപ്പിക്കാൻ ആൺ/പെൺ ശബ്ദവാചികളാണ ചേർക്കുന്നത് (കാൽഡ്വെൽ 1946). കാൽഡ്വെല്ലിന്റെ നിരീക്ഷണങ്ങളിൽനിന്നു വ്യത്യസ്തമാണ സ്വാമികളുടെ നിരീക്ഷങ്ങളെന്നു വ്യക്തമാകുന്നുണ്ടിവിടെ.

**വചനനിരൂപണം**

സംസ്കൃതത്തിൽ ലിംഗം, വചനം എന്നിങ്ങനെ വ്യത്യസ്തമായി കാണുന്നു. മൃഗം, പക്ഷി മുതലായവയ്ക്ക് പുല്ലിംഗസ്ത്രീലിംഗഭേദമില്ല. തമിഴിലിത് രണ്ടും വെവ്വേറെയല്ല. മൃഗം പക്ഷി മുതലായവയ്ക്ക് പുല്ലിംഗസ്ത്രീലിംഗഭേദമുണ്ട്. തമിഴിലെ പുല്ലിംഗപ്രത്യയങ്ങൾക്ക് സംസ്കൃതത്തിലുള്ള വിസർഗ്ഗം ആഃ ഈഃ പ്രത്യയങ്ങളോടു സംബന്ധം ഇല്ല. സംസ്കൃതത്തിലെ പേരച്ചങ്ങൾ എല്ലാം വിശേഷ്യത്തിന്റെ ലിംഗവചനങ്ങളെ അനുസരിച്ചേ ഇരിക്കുകയുള്ളൂ. സുന്ദരാ എന്ന പേരെച്ചം പുരുഷൻ, സ്ത്രീ, ഗൃഹം എന്ന വിശേഷ്യങ്ങളിൽ ലിംഗവചനങ്ങളെ ആശ്രയിച്ചിരിക്കുന്നു (സുന്ദരഃ പുരുഷ, സുന്ദരി സ്ത്രീ, സുന്ദരം ഗൃഹം).

തമിഴിൽ പേരെച്ചങ്ങൾക്കു ലിംഗവചനം ഇല്ല (അഴകിയ മനുഷ്യൻ, അഴകുള്ള പെണ്ണ്, അഴകുള്ള വീട്).

സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിങ്ങനെ മൂന്നുവചനങ്ങളുണ്ട്. തമിഴിൽ ദ്വിവചനമില്ല. തുടക്കത്തിൽ സംസ്കൃതത്തിലും

രണ്ടുവചനങ്ങളേ ഉണ്ടായിരുന്നിരിക്കുവെന്നും പിന്നീട് ഉണ്ടായ ഏർപ്പാടാണു ദ്വിവചനം എന്നും സ്വാമികൾ സംശയിക്കുന്നു.

തമിഴിൽ വികഴ്ച്ചി, ഉയർവ് മുതലായ അർത്ഥങ്ങളെക്കുറിക്കുന്നതിനു ലിംഗവചനവ്യത്യാസങ്ങൾ ഉണ്ട്. സംസ്കൃതത്തിലില്ല. പുല്ലിംഗം സ്ത്രീലിംഗമായി തമിഴിൽ ഉപയോഗിക്കുന്ന സന്ദർഭമുണ്ട്. അലങ്കാരപ്രയോഗങ്ങളിലാണ് ഇതു കാണുന്നത്. ഉദാ: തൻ പുതൽ വനൈ എന്നമ്മെ വന്താൾ. കോപം, നിന്ദ തുടങ്ങിയവ കുറിക്കുന്ന സന്ദർഭങ്ങളിൽ ലിംഗവചനാദികൾ മാറിയാലും കുഴപ്പമില്ല (നന്നൂൽ). ഏകവചനം ബഹുവചനമായി ഉപയോഗിക്കുന്നു (അവരു). കോപത്താൽ ബഹുവചനം ഏകവചനമായി ഉപയോഗിക്കാറുണ്ട്. ഈ രീതി സംസ്കൃതത്തിൽ ഇല്ല. സംസ്കൃതത്തിൽ ജാതിയെ കാണിക്കാൻ ഏകവചനബഹുവചനരൂപങ്ങൾ ഉപയോഗിക്കാറുണ്ട് (ബ്രാഹ്മണൻ, ബ്രാഹ്മണർ). ഉത്തമപുരുഷസർവനാമത്തിനു മൂന്നു വചനങ്ങൾ ഉണ്ട് (ഞാൻ-അഹം, ആവാം, വയം). മൂന്നുവചനങ്ങൾക്കുമായി ബഹുവചനം -വയം -സാധാരണ ഉപയോഗിക്കാറുണ്ട്. ഏകവചനത്തെ കാണിക്കാൻ വ്യാകരണപരമായും അല്ലാതെയും ബഹുവചനത്തെ ഉപയോഗിക്കുന്നു (ആപഃ (വെള്ളങ്ങൾ), ദാരാഃ (ഭാര്യമാർ)-വ്യാകരണപരമായി ശരിയല്ല), കോസലാഃ, അംഗാഃ-).

തമിഴിൽ ബഹുവചനത്തെ കാണിക്കാൻ രണ്ടു ബഹുവചനപ്രത്യയങ്ങൾ ചേർത്തുപറയാറുണ്ട് (അർ + കൾ). ഉണ്ട്. സംസ്കൃതത്തിൽ ഒരു വചനപ്രത്യയതിന്റെ മേൽ മറ്റൊരു വചനപ്രത്യയം ചേർക്കില്ല. സ്ത്രീലിംഗ പുല്ലിംഗ ഏകവചനത്തിൽ സംസ്കൃതത്തിൽ ഭേദങ്ങളുണ്ട്. ബഹുവചനത്തിലില്ല. അഃ എന്ന പ്രത്യയം ഏക-ബഹുവചനങ്ങൾക്ക് ഉപയോഗിക്കുന്നു (രാമഃ, സ്ത്രീഃ).

രണ്ടുഭാഷകളിലെയും വചനവ്യത്യാസം സ്വാമികൾ സൂക്ഷ്മമായി താരതമ്യം ചെയ്തു.

**വിഭക്തിനിരൂപണം**

സംസ്കൃതത്തിൽ പ്രഥമ, ദ്വിതീയ, തൃതീയ, ചതുർത്ഥി, പഞ്ചമി, ഷഷ്ഠി, സപ്തമി എന്നിങ്ങനെ ഏഴ് വിഭക്തികൾ ഉണ്ട്. പ്രഥമാവിഭക്തിയിൽ സംബോധനാപ്രഥമ എന്നൊരു ഭേദം കൂടിയുണ്ട്. ഓരോ വിഭക്തിയിലും ഏക, ദ്വി, ബഹുവചനങ്ങളെ സൂചിപ്പിക്കാനായി പ്രത്യേകം പ്രത്യയങ്ങൾ ഉണ്ട്. വിഭക്തികൾക്കായി ഇരുപത്തിയൊന്നുപ്രത്യങ്ങളുണ്ട്. തമിഴിൽ സംബോധനയെ പ്രത്യേകവിഭക്തിയായി കാണുന്നതുകൊണ്ട് ആകെ വിഭക്തികൾ എട്ടെണ്ണമാണ്. വചനങ്ങൾക്കനുസരിച്ച പ്രത്യേകം വിഭക്തിപ്രത്യയങ്ങളില്ല. പ്രഥമ ഏകവചനത്തിലും ബഹുവചനത്തിലും 'ഐ' പ്രത്യയം ചേർക്കുന്നു (ചാത്തനൈ, ചാത്തനറൈ).

സംസ്കൃതത്തിൽ പ്രഥമയ്ക്കും സംബോധനാപ്രഥമയ്ക്കും ഒരേ പ്രത്യയമാണ്. സംബോധനാപ്രഥമയുടെ ഏകവചനത്തിൽ വിഭക്തി ലോപിച്ചതായി ക്കാണാം.

പ്രഥമ - രാമഃ രാമൗ രാമാഃ
സംബോധനാപ്രഥമ- രാമ രാമൗ രാമാഃ

വിഭക്തിലോപത്തോടൊപ്പം ചില വികാരങ്ങളും കാണാം

പ്രഥമ - ഹരിഃ ഹരി ഹരയഃ
സംബോധനാപ്രഥമ- ഹരേ ഹരി ഹരയാ

സംസ്കൃതത്തിനു വിപരീതമായി തമിഴിൽ പ്രഥമവിഭക്തിപ്രത്യയങ്ങളില്ല.

വചനങ്ങളെ കാട്ടുന്ന പ്രത്യയങ്ങൾ സംസ്കൃതത്തിൽ ഉണ്ട്.

അം (വിഭക്തിപ്രത്യയം) - രാമം,
ഔ (വിഭക്തിപ്രത്യയം) - രാമൗ
ആൻ ശസ് പ്രത്യയം - രാമാൻ

തമിഴിൽ വചനങ്ങളെ സൂചിപ്പിക്കുന്ന പ്രത്യയങ്ങൾ ഇല്ല. പ്രഥമയിൽ വചനപ്രത്യയങ്ങളോട് ഒരു വിഭക്തിപ്രത്യയവും ചേരുന്നില്ല. മറ്റുള്ള വിഭക്തികളിൽ 'ഐ' മാത്രം ചേരും. രൂപവ്യത്യാസമനുസരിച്ചാണു സംസ്കൃതത്തിലെ വിഭക്തിവിഭജനം. അവ അർത്ഥാടിസ്ഥാനത്തിലുള്ളതല്ലെന്നു സ്വാമികൾ നിരവധി ഉദാഹരണങ്ങളിലൂടെ വെളിപ്പെടുത്തുന്നു. അതോടൊപ്പം ഓരോരോ വിഭക്തികളുടെ ഏക ദ്വി ബഹുവചനപ്രത്യയങ്ങളുടെ ചേരുവ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. അം പ്രത്യയം തമിഴിൽനിന്നു സംസ്കൃതത്തിൽ കുടിയേറിയതാണെന്ന വാദം സ്വാമികൾക്കുണ്ട്. ഇതു തെളിയിക്കാനായി അ റിണ ചൊല്ലുകളിലെ അന്തമായ അം (പഴം, നിലം) സംസ്കൃതത്തിലെ നപുംസകലിംഗശബ്ദങ്ങളായ വനം, ഫലം എന്നിവയുമായി താരതമ്യപ്പെടുത്തിയാണ് ഈ നിഗമനത്തിലെത്തിയത്.

കാൽഡ്വെൽ ദ്രാവിഡസംസ്കൃതവിഭക്തികളെ താരതമ്യംചെയ്തിട്ടുണ്ട്. പ്രത്യേകപദങ്ങളോ വേർതിരിച്ച് എടുക്കാവുന്ന ശബ്ദങ്ങളോ ചേർത്താണ് ദ്രാവിഡഭാഷകളിൽ രൂപഭേദങ്ങൾ സൃഷ്ടിക്കുന്നത്. ഏകവചനവും ബഹുവചനവും വിഭക്തിഭേദം വരുത്തുന്നതു പ്രത്യേകനിയമങ്ങൾ അനുസരിച്ചാണ്. സംസ്കൃതത്തിൽ ഏകവചനത്തിൽ പ്രകൃതിയോടാണു വിഭക്തിപ്രത്യയം ചേർക്കുന്നത്. ബഹുവചനത്തിൽ വചനപ്രത്യയത്തോടു ചേരുന്നു. ബഹുവചനരൂപങ്ങളിൽ ലിംഗഭേദമെന്യേ ഒന്നുപോലെ വിഭക്തിപ്രത്യയങ്ങൾ ചേരുന്നു. ദ്രാവിഡത്തിൽ നപുംസകനാമങ്ങൾക്കു ബഹുവചനപ്രത്യയം ചേർക്കുന്നതു ദുർലഭമാണ്. ക്രിയാരൂപങ്ങളിൽ അതിലും കുറവാണ്.

ദ്രാവിഡ ഉദ്ദേശികപ്രത്യയങ്ങളായ കു കി/ഗേ എന്നിവയ്ക്ക് സംസ്കൃതത്തിലെ സമാനവിഭക്തിപ്രത്യയങ്ങളോട് ഒരു ബന്ധവുമില്ല. സംസ്കൃതത്തിൽ പൂർവസർഗ്ഗങ്ങൾ ചേർക്കുന്ന സ്ഥാനത്തു ദ്രാവിഡത്തിൽ അനുസർഗങ്ങൾ ചേർക്കുന്നു. സംസ്കൃതത്തിൽ നാമവിശേഷണങ്ങൾക്കും നാമങ്ങൾക്കും ലിംഗവിഭക്തിവചനപ്പൊരുത്തം നിർബന്ധമാണ്. ദ്രാവിഡത്തിൽ നാമവിശേഷണങ്ങൾക്കു വിഭക്തിപ്രത്യയങ്ങൾ ചേർക്കാറില്ല. ഇതിനു സമാനമായ നിരീക്ഷണങ്ങളല്ല സ്വാമികളുടേതെന്നു വ്യക്തമാണല്ലോ.

**ധാതുനിരൂപണം**

ഈ അധ്യായത്തിൽ പൂർണ്ണമായും സംസ്കൃതധാതുക്കളുടെ വിവരണമാണു കാണുന്നത്. തമിഴുമായുള്ള താരതമ്യം ഇല്ല.

**തമിഴ്സംസ്കൃതാദിതാരതമ്യം**

പരിണാമവഴി എപ്പോഴും പ്രാകൃതത്തിൽനിന്നു പരിഷ്കൃതത്തിലേക്ക് ആണെന്ന ലോകതത്ത്വം മുൻനിർത്തിയുള്ള തമിഴ് സംസ്കൃതഭാഷാതാരതമ്യമാണ് ഈ അധ്യായത്തിലെ വിഷയം.

അകൃത്രിമമായ വിശിഷ്ടപ്രയത്നം കൂടാതെ ഉച്ചരിക്കാനാവുന്ന അക്ഷരങ്ങൾ ഏതു ഭാഷയ്ക്കു സ്വന്തമാണോ അതു മറ്റെല്ലാ ഭാഷയുടെയും മൂലഭാഷ ആയിരിക്കുമെന്ന പരികല്പനയാണ് ആദ്യം അവതരിപ്പിച്ചത്. ഇത്തരത്തിലുള്ള ആശയമോ അന്വേഷണമോ സ്വാമികൾക്കുമുൻപ് മലയാളത്തിലോ ദ്രാവിഡഭാഷാപഠനത്തിലോ ഉണ്ടായിട്ടില്ല. മനഃപൂർവ്വം ഉച്ചരിക്കേണ്ടതല്ലാതെ സ്വാഭാവികമായി ശബ്ദിക്കാവുന്ന അക്ഷരങ്ങൾ അടങ്ങിയ ഭാഷ പ്രകൃതിയുടെ ഭാഷയായിരിക്കും. ഈ ആദിഭാഷ ഏതെന്നു കണ്ടെത്തുന്നതിലേക്കു സ്വാഭാവികമായി ഉച്ചരിക്കാവുന്ന പ്രകൃത്യാസിദ്ധിക്കുന്ന അക്ഷരങ്ങൾ ഏതൊക്കെ? അവയെ എങ്ങനെ തിരിച്ചറിയാമെന്നുമുള്ള വിചാരത്തിനു സമാധാനം കണ്ടെത്തുകയാണു സ്വാമികൾ.

മൊഴി എന്ന പദം പ്രകൃത്യനുഗുണമായിരിക്കുന്നതെങ്ങനെ എന്നാദ്യം പരിശോധിക്കുന്നു. മൗനം ഒഴിയുന്നതാണു മൊഴി. ഇതിൽ അ ഇ ഉ സ്വരങ്ങളുടെ വിന്യാസമുണ്ട്. ഈ സ്വരങ്ങളും അവയുടെ വിന്യാസവും സ്വാഭാവികമാണെന്നു ശിശുഭാഷാപഗ്രഥനത്തിലൂടെ തെളിയിക്കുകയാണു സ്വാമികൾ ചെയ്യുന്നത്. 'ഒരു കുട്ടി ജനിച്ചാൽ ആദ്യം വാ തുറന്നു കരയുന്നു. കരച്ചിലിൽ നിന്ന് അ എന്നുള്ള സ്വരം പ്രതീതമാകുന്നു. കുറച്ചുകഴിയുമ്പോൾ കുട്ടി അന്യന്മാരുടെ മുഖത്തുനോക്കി ചിരിച്ചുതുടങ്ങും. ചിരി ഇ എന്ന വർണ്ണത്തെ സ്പഷ്ടമാക്കുന്നത് ഏവർക്കും അനുഭവമാണല്ലോ. അതും കഴിഞ്ഞാൽ ഉ എന്ന ഭയവികാരം പ്രത്യക്ഷപ്പെടുന്നു. ഇത്തരത്തിലുള്ള നോട്ടത്തിലൂടെ ഭാഷയുടെ സ്വാഭാവികത വെളിപ്പെടുത്തുകയാണ്.

സംസ്കൃതത്തിലും ഇതേ ന്യായം സാധകമാണ്. പാണിനിയുടെ ആദിസൂത്രസംഗ്രഹിതങ്ങളായ 'അ ഇ ഉ' ഇതിനു തെളിവാണ്. രണ്ടുഭാഷയിലും കാണുന്ന ഈ സ്വരങ്ങൾ അടിസ്ഥാനസ്വരങ്ങളാണ്. ഇവയുടെ വികാരങ്ങളാണ് ഇതരസ്വരങ്ങൾ. ഇവയൊക്കെ ശിശുഭാഷയിൽനിന്നു വ്യക്തമാകുന്നുണ്ട്. "ഭയം മുതലായവ അറിയാറായി കുറെക്കൂടി ജ്ഞാനപ്രകാശം പ്രസരിച്ചാൽ നാം പറയുന്നതൊന്നും മനസ്സിലാകകൊണ്ട് ഏതോ ചോദിക്കുന്നപോലെ എല്ലാറ്റിനും 'എ' 'ഏ' എന്ന ഒരു മാതിരി ശബ്ദിക്കാറുണ്ടല്ലോ. അതിനുശേഷമായി ആ കുട്ടി സമ്മതരൂപമായ 'ഒ' എന്നുള്ള ശബ്ദത്തെ പുറപ്പെടുവിക്കുന്നു. അല്പംകൂടി വിശേഷജ്ഞാനം സിദ്ധിക്കുമ്പോൾ 'ഐ' എന്നു പരിഹസിക്കാൻ തുടങ്ങുന്നു. അനന്തരം 'ഔ' എന്ന വിശ്രാന്തിസ്വരവും പുറപ്പെടുവിക്കുന്നു". ഇപ്രകാരം സ്വരങ്ങളെല്ലാം ഒരു ശിശുവിന്റെ പ്രകൃതി തന്നെ

പ്രദാനം ചെയ്യുന്നുവെന്നാണു സ്വാമികളുടെ പക്ഷം.

'ങേ 'ങ്'' ഏ' എന്നിങ്ങനെയാണു കുഞ്ഞുങ്ങൾ ആദ്യം കരഞ്ഞുതുടങ്ങുന്നത് എന്നിരിക്കെ അകാരമാണു കുട്ടികൾ പുറപ്പെടുവിക്കുന്ന ആദ്യശബ്ദം എന്നുപറയുമ്പോൾ സംശയമുണ്ടാകാം. ഈ സംശയത്തിനു സ്വാമികൾ സമാധാനം പറയുന്നുണ്ട്. കുട്ടികൾ ജനിച്ച് ഇന്ദ്രിയബലം സിദ്ധിക്കുന്നതുവരെ ഉണ്ടാകുന്ന ശബ്ദങ്ങൾ അനുനാസികമായിട്ടേ വരൂ. കുട്ടികൾക്ക് ആദ്യമാദ്യം പ്രാണനെ മുൻനിർത്തി പ്രാണപ്രവൃത്തിമാർഗ്ഗത്തിലൂടെ മാത്രമേ ശബ്ദത്തെ വെളിയിൽവിടുന്നതിനു സാധിക്കുകയുള്ളൂ. കുട്ടികളുടെ ഉച്ചാരണത്തിലുള്ള അസ്പഷ്ടമോ ശ്രോതാക്കളുടെ അശ്രദ്ധാജന്യമായ അന്യഥാബോധമോ ഹേതുവായിട്ട് 'ങ്' എന്നായിട്ട് അറിയുന്നതിനിടവരുന്നതാണ്. കുട്ടികളുടെ കരച്ചിലിൽ മ് +അ +അ എന്നിങ്ങനെ തുടരെത്തുടരെ കേട്ടുകൊണ്ടിരിക്കുമ്പോൾ ങ് +എ എന്നാണെന്നു തോന്നും. ശ്രദ്ധിച്ചു പര്യാലോചിച്ചു നോക്കുമ്പോൾ മ് +അ കൂടി ചേർന്ന ശബ്ദമാണെന്നു തോന്നും.

അ എന്നു കരയുകയും മ എന്നു വാ പൂട്ടുകയും ചെയ്യുന്നതിൽനിന്ന് അമ്മ എന്ന വാക്ക് ഉണ്ടാകുന്നു. ചുണ്ടുകൾക്കു മുറുക്കം കൂടുമ്പോൾ 'പ' ഉണ്ടാകും. പൂർവത്തിലുള്ള അകാരവുമായി ചേർന്ന് അപ്പ എന്നാവും. ഇതുപോലെ ഓരോ വ്യഞ്ജനങ്ങളും ഉത്ഭവിച്ച് അത്ത, അണ്ണ, അക്ക എന്നിങ്ങനെ ബന്ധുക്കളെ സംബന്ധിക്കുന്ന വാക്കുകൾ ഉണ്ടാകുന്നു.

"അ ക ങ് എന്നു തുടങ്ങി പ്രകൃതി താലോലിച്ചുവളർത്തുന്ന അക്ഷരങ്ങളും അമ്മ അപ്പ മുതലായ മൃദുപദങ്ങളും ഇന്നേതു ഭാഷയുടെ വകയായിരിക്കുന്നു ആ ഭാഷ അഥവാ അതിന്റെ പ്രാകൃതരൂപം ആയിരിക്കണം. ആദിമാതൃഭാഷ അല്ലാതെ കൃത്രിമാക്ഷരങ്ങൾ ധാരാളം ഉൾപ്പെടുന്ന ഭാഷകളല്ല ആദിഭാഷ" എന്നു സുവ്യക്തമാക്കുകയാണു സ്വാമിവചനം.

**ആദിഭാഷ**

അ യുടെ ഉത്പത്തിയെ മൗനത്തെ ഒഴിക്കുന്നതുമായി ബന്ധപ്പെടുത്തി 'മൊഴിയെ കഴിഞ്ഞ അദ്ധ്യായത്തിൽ ചർച്ചചെയ്തുവല്ലോ. മൗനത്തിന്റെ രൂപം എന്താണെന്ന ആലോചനയാണിവിടെ. ഒരുമിച്ചുചേർത്തുവച്ച ഓഷ്ഠാധരങ്ങൾ മ് ആണ് മൗനത്തിന്റെ രൂപം. മൗനത്തെ ഒഴിക്കുന്ന പ്രയത്നമാണു മൊഴി. ഈ പ്രവൃത്തിയെ പ്രപഞ്ചജനീജനകഭാവവുമായി സാമ്യപ്പെടുത്തുകയാണു സ്വാമികൾ. പരബ്രഹ്മം മൂലപ്രകൃതിയോടു ചേർന്നാണു പ്രപഞ്ചമുണ്ടായത്. പ്രപഞ്ചത്തിന്റെ ജനകജനനീഭാവത്തോടു കൂടിയിരുന്നതുകൊണ്ടാണു സർവസൃഷ്ടിവല്ലഭത്വമുണ്ടായത്. മൂലപ്രകൃതിയെ പ്രപഞ്ചസൃഷ്ടിക്കു പ്രേരിപ്പിക്കുന്നതു ബ്രഹ്മചൈതന്യമാണ്. അകാരം ബ്രഹ്മ മൂലപ്രകൃതികളുടെ സംയോഗംകൊണ്ടുണ്ടായ ശബ്ദമായിട്ടാണു കല്പിച്ചിരിക്കുന്നത്. വ്യവഹാരോചിതമായിട്ടുള്ള സകലശബ്ദപ്രപഞ്ചവും ഭാഷാപ്രപഞ്ചവും അകാരത്തിൽനിന്നുണ്ടായതാണ്. ശിവശക്തിസൂചകമായിട്ടാണു ശബ്ദോത്പത്തിയെ പരിഗണിച്ചത്. അവയുടെ സംയോഗത്തിൽ മാത്രമേ ഓരോ പൂർണശബ്ദവും അക്ഷരവുമായിച്ചേർന്നു മറ്റുശബ്ദങ്ങളെ ജനിപ്പിച്ചും അവയോടു ചേർന്ന

ഭാഷാപ്രപഞ്ചം ഉണ്ടാവുകയുള്ളൂ. ശ്രീചക്രവിധിശ്ലോകത്തിലെ ബിന്ദുത്രികോണവും ഈ ജനകജനനീഉത്പാദനവല്ലഭത്വമാണു സൂചിപ്പിക്കുന്നത്. ജന്തുക്കളുടെ സംയോഗരൂപവും നാദരൂപംകൊണ്ടു ശബ്ദിക്കുന്നതും ആദ്യക്ഷരമായ അകാരം ആവിർഭവിക്കുന്നതുമൊക്കെ സമാനമായി നോക്കിക്കാണാൻ സ്വാമികൾക്കു കഴിഞ്ഞു. മേലും കീഴുമായിട്ടുള്ള ചുണ്ടുകളെ യഥാക്രമം പുല്ലിംഗമെന്നും സ്ത്രീലിംഗമെന്നും കണ്ട് മേൽഭാഗമായ പുല്ലിംഗത്തെ ലിംഗമെന്നും കീഴ്ഭാഗമായ സ്ത്രീലിംഗത്തെ ഭഗമെന്നും അവരണ്ടും ഒന്നുചേർന്ന് ഏകമായുള്ള ഇരിപ്പിനെ ലിംഗഭഗസംയോഗരൂപമെന്നും നിർവചിച്ച് ആദ്യക്ഷരത്തിന്റെ സ്വരൂപം വ്യക്തമാക്കി. അകാരത്തിന്റെ ലിംഗഭഗങ്ങളായ രണ്ടംശങ്ങളും തമ്മിൽ ചേരാതെ ഇരിക്കുമ്പോൾ മുകൾഭാഗത്തിന് ച പൂരമെന്നും കീഴ് പങ്കിനെ അലിപ്പാൽ എന്നും വിവരിക്കുന്നു. ഈ അലിപ്പാൽ ശബ്ദത്തിന്റെ തത്ഭവരൂപങ്ങളാണ് അലീഫ്, ക്ളിബം, അൽഫ, ഒലാഫ് മുതലായവ. ച പൂരത്തിന് ഡബ്ള്, ബിന്ദു, പ്തോ എന്നെല്ലാം മറ്റുഭാഷകളിൽ പറയാറുണ്ട്.

മൂലദ്രാവിഡമുറയനുസരിച്ച് ച പൂരം, അലിപ്പാൽ അംശങ്ങൾ ചേർന്നിട്ടാണ് അകാരം ഉണ്ടാകുന്നത്. ഇതേ വ്യവസ്ഥതന്നെയാണു സംസ്കൃതത്തിലും (ക്ളിബം-ബിന്ദു). ദ്രാവിഡം ഒഴിച്ചുള്ള ഭാഷകളിൽ ഇതിൽ രണ്ട് അംശങ്ങളെക്കുറിച്ചുള്ള വിവരണമില്ല. അതുകൊണ്ട് ഈ ആശയം മറ്റുഭാഷകൾ ദ്രാവിഡത്തിൽനിന്നു സ്വീകരിച്ചതാകുമെന്നു സ്വാമികൾ അനുമാനിക്കുന്നു.

മൊഴി എന്ന വാക്കിന്റെ നിഷ്പത്തിക്കു സമാനമായതൊന്നും മറ്റുഭാഷകളിലില്ല. ചുരുക്കത്തിൽ, അക്ഷരപ്രകൃതംകൊണ്ടും ലാളിത്യംകൊണ്ടും മൂലദ്രാവിഡം തന്നെയാണ് ആദിഭാഷ എന്ന തീരുമാനത്തിലെത്തിച്ചേർന്നു സ്വാമികൾ. ഈ അഭിപ്രായത്തെ ശക്തിപ്പെടുത്താനായി ജന്തുക്കളുടെ ഉത്പത്തിവിജ്ഞാനമാണു സ്വാമികൾ പ്രയോജനപ്പെടുത്തിയത്. ഒരേസമയം ഇതു സ്വാമികളുടെ അന്തർവൈജ്ഞാനികജ്ഞാനസമ്പന്നതയെയും അതോടൊപ്പം അന്തർവൈജ്ഞാനികഗവേഷണസമീപനത്തെയും വ്യക്തമാക്കുന്നു. മലയാളത്തിലെ അന്തർവൈജ്ഞാനികഗവേഷണത്തിന് ഇതിലൂടെ നാന്ദി കുറിക്കുകയാണു സ്വാമികൾ ചെയ്തത്.

പ്രാണികളുടെ ഉത്ഭവം ശീതോഷ്ണസംക്രമണത്തിൽനിന്നാണ്. ജീവാണുക്കളുടെ പിറവിക്ക് ഉപയുക്തമായ കാലാവസ്ഥ ഉള്ളിടത്താണു ജീവന്റെ ഉത്പത്തി ഉണ്ടാകുന്നത്. ഈ ഇടം ഭൂമിയിൽ മനുഷ്യരുടെ ഉത്പത്തിയെക്കുറിച്ചുള്ള ചിന്തയ്ക്കും വഴിയൊരുക്കുന്നു. എവിടെ ആയിരിക്കും മനുഷ്യരുടെ ജന്മഗൃഹം എന്ന ആലോചന വ്യത്യസ്തമായ ഇടങ്ങളെ സ്പർശിക്കുന്നു. മധ്യേഷ്യ, ബ്രഹ്മാവർത്തം, ഉത്തരധ്രുവപ്രദേശം എന്നിങ്ങനെ വിവിധ ഇടങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അവയുടെ സാദ്ധ്യതയും പരിമിതിയും സ്വാമികളുടെ ആലോചനയിൽ കടന്നുവന്നു. അധിതണുപ്പുകൊണ്ട് ഉത്തരപ്രദേശങ്ങളും വേണ്ട ചൂടിന്റെ അഭാവംകൊണ്ട് ബ്രഹ്മാവർത്തം, മദ്ധ്യേഷ്യ എന്നിവിടങ്ങളും മനുഷ്യപ്പിറവിക്ക് അനുകൂലമല്ല. ഓരോ ദേശവും അപര്യാപ്തമാണെ

ന്ന തെളിഞ്ഞെങ്കിലും ശീതോഷ്ണങ്ങളുടെ മാത്രാനുഗണ്യ ലക്ഷണങ്ങൾ തികഞ്ഞ സ്ഥലം സിംഹളദ്വീപിന് ഏതാണ്ടു പശ്ചിമഭാഗത്തുണ്ടായിരുന്ന പ്രദേശമാണെന്നു ചട്ടമ്പിസ്വാമികൾ കണ്ടെത്തുന്നു. അഗസ്ത്യമഹർഷിയുടെ വിപുലമായ ഭൂവിജ്ഞാനം പ്രയോജനപ്പെടുത്തിയാണ് ഈ കണ്ടെത്തൽ നടത്തിയത്. അഗസ്ത്യരുടെ അകത്തിയൂർ ഞാലന്നൂർ പ്രമാണപ്രകാരം ഈ സ്ഥലം കടൽ കയറി മാഞ്ഞുപോയിരിക്കുന്നു. അഗസ്ത്യരുടെ അഭിപ്രായത്തിനു ശാസ്ത്രസമ്മതിയുമുണ്ട്. സിംഹളദ്വീപിനടുത്തുണ്ടായിരുന്ന ഈ പ്രദേശത്താണു പ്രാണിവർഗ്ഗം പിറവിയെടുത്തത്. അങ്ങനെയാണെങ്കിൽ ഇതേ സ്ഥലത്തുതന്നെ മനുഷ്യവർഗ്ഗവും ഉണ്ടായത് എന്നാണു സ്വാമികളുടെ അഭിപ്രായം. ഇത് അനുസരിച്ചാണെങ്കിൽ പ്രാചീനദ്രാവിഡഭാഷയായിരിക്കും ലോകത്തിലെ ആദിഭാഷ എന്നദ്ദേഹം അനുമാനിച്ചു.

സംസ്കൃതത്തെയും തമിഴിനെയും വിശദമായി താരതമ്യം ചെയ്തു കൊണ്ട് ആദിഭാഷ തമിഴ് തന്നെയാണെന്നു ചട്ടമ്പിസ്വാമികൾ സ്ഥാപിച്ചു. ഈ വാദത്തെ ജീവോത്പത്തിസിദ്ധാന്തത്തിന്റെയും അടിസ്ഥാനത്തിൽ കൂടി അരക്കിട്ടുറപ്പിച്ചു. സ്വാമികളുടെ ആദിഭാഷാസിദ്ധാന്തവും ജീവോത്പത്തിസിദ്ധാന്തവും പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്, അക്കാലത്തെ ജ്ഞാനമണ്ഡലത്തെക്കുറിച്ചു വ്യക്തമായ ധാരണ സ്വാമികൾക്ക് ഉണ്ടായിരുന്നുവെന്നാണ്. ദ്രാവിഡം സംസ്കൃതജന്യമല്ല എന്ന് എല്ലിസും കാൽഡ്വെല്ലും മുൻപേ സ്ഥാപിച്ചിരുന്നുവെങ്കിലും കൂടുതൽ സൂക്ഷ്മമായ താരതമ്യം അവതരിപ്പിച്ച് ഇവയുടെ വ്യക്തിത്വവും പഴമയും വെളിപ്പെടുത്താൻ സ്വാമികൾക്കു കഴിഞ്ഞുവെന്നതിൽ സംശയമില്ല. ആദിഭാഷാസിദ്ധാന്തത്തിന്റെ നീതിമത്കരണത്തിനായി എന്തുകൊണ്ടായിരിക്കും സ്വാമികൾ ജീവോത്പത്തിസിദ്ധാന്തത്തിന്റെ സഹായം തേടിയത് എന്ന ആലോചനയ്ക്ക് പ്രസക്തിയുണ്ട്. ഇരുപതാംനൂറ്റാണ്ടിലെ ആദ്യപകുതിവരെ നരവംശശാസ്ത്രജ്ഞരും പരിണാമവിജ്ഞാനികളും മനുഷ്യരുടെ ഉത്പത്തി ഏഷ്യയിൽ ആയിരിക്കാമെന്നു സംശയിച്ചിരുന്നു. ഇന്ന് ഡിഎൻഎ പഠനങ്ങളുടെ വെളിച്ചത്തിൽ മനുഷ്യരുടെ ഉത്പത്തി ആഫ്രിക്കയിലാണെന്നു തെളിഞ്ഞിരിക്കുന്നു. ഇതുകൊണ്ടു സ്വാമികൾ ഉന്നയിച്ച വാദത്തിന്റെ ചരിത്രപ്രാധാന്യം ഇല്ലാതാകുന്നില്ല.

പത്തൊൻപതാംനൂറ്റാണ്ടിലെ യൂറോപ്യൻ അമേരിക്കൻ ശാസ്ത്രജ്ഞന്മാർ ആഫ്രിക്ക, ആസ്ട്രേലിയ, ഇന്ത്യ, മെഡഗാസ്കർ എന്നീ പ്രദേശങ്ങളോട് ജൈവസാന്നിധ്യമുള്ള കടലിനടിയിലായ 'ലമൂറിയ' എന്ന ഭൂഖണ്ഡത്തെക്കുറിച്ച് ആശയങ്ങൾ രൂപവത്കരിച്ചിരുന്നു. ഇതിന്റെ ഭാഗമാണു സ്വാമി പറയുന്ന സിംഹളദ്വീപിനടുത്തുള്ള സ്ഥലം. ഈ ഇടം കുമരിക്കണ്ടം, കുമരിനാട് എന്നാണു തമിഴർക്കിടയിൽ അറിയുന്നത്. ഇതൊരു പുരാവൃത്തമാണെന്നും അതിൽ വസ്തുതയില്ലെന്നും മറിച്ച് അതൊരു യാഥാർത്ഥ്യമാണെന്നുമുള്ള വാദങ്ങൾ നിലവിലുണ്ട്. ചാൾസ് ഡി മക്ലീൻ മാനുവൽ ഓഫ് ദി അഡ്മിനിസ്ട്രേഷൻ ഓഫ് മദ്രാസ് പ്രസിഡൻസി എന്ന ഗ്രന്ഥത്തിൽ പൂർവ്വദ്രാവിഡദേശമായിട്ടാണ് ഈ പ്രദേശത്തെ അടയാളപ്പെടുത്തിയി

രിക്കുന്നത്. ജർമൻപരിണാമജീവശാസ്ത്രജ്ഞനായ ഏണസ്റ്റ് ഹാക്കൽ മനുഷ്യർ പിറന്ന ദേശമായി ഈ ഇടത്തെ കണക്കാക്കിയിരുന്നു. ജാവ മനുഷ്യൻ, പീക്കിങ്മനുഷ്യൻ എന്നറിയപ്പെടുന്ന ഫോസിലുകളുടെ കണ്ടെത്തലും യൂജിൻ ഡ്യുബോയ്സ്, ഹെൻട്രി ഫെയർ ഫീൽ, ഒസ്ബോൺ റായ്, ചാപ്മാൻ ആൻഡ്രൂസ് തുടങ്ങി ഒട്ടേറെ ഫോസിൽപഠിതാക്കളും ജൈവശാസ്ത്രജ്ഞരും ഏഷ്യ മനുഷ്യരുടെ ജന്മഗൃഹമായി പരിഗണിച്ചിരുന്നു. ഏഷ്യ ഹൈപോതെസിസ് എന്നാണിത് അറിയപ്പെട്ടിരുന്നത്. കോണ്ടിനന്റൽ ഡ്രിഫ്റ്റ്സിദ്ധാന്തവും ജർമൻശാസ്ത്രജ്ഞനായ ഫ്രാൻസ് വേഡെൻറിച്ചിന്റെ ബഹുദേശമനുഷ്യപ്പിറവിസിദ്ധാന്തവും ആവിഷ്കരിക്കപ്പെട്ടതിനുശേഷമാണ് ഏഷ്യ ഹൈപോതെസിസിന്റെ പ്രാധാന്യം കുറഞ്ഞത്. അതുകൊണ്ടു സ്വാമികളുടെ ജീവോത്പത്തിവാദത്തിന് അക്കാലത്തെ ശാസ്ത്രീയാടിത്തറ ഉണ്ടായിരുന്നുവെന്നു മനസ്സിലാക്കാം. അതു ഭാവനാസൃഷ്ടി ആയിരുന്നില്ല. കുമാരിക്കണ്ടത്തെ/ലെമൂറിയയെക്കുറിച്ചുള്ള ഗവേഷണങ്ങൾ ഇപ്പോഴും സജീവമാണ്.ലോകജനതയുടെ ജന്മഗൃഹമല്ലെങ്കിലും ദ്രാവിഡപൈതൃകവുമായി ഈ സ്ഥലത്തിനു ബന്ധം ഇല്ലെന്നു പറയാനാവില്ല. തമിഴ് ഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ സ്വാമികൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

ഇന്ത്യൻജനതയെക്കുറിച്ച് നടന്ന ജനിതകപഠനങ്ങളും ദ്രാവിഡപ്പഴമ അംഗീകരിക്കുന്നുണ്ട്. പൂർവ്വഭാഷകളുടെ താരതമ്യം നടത്തി മൂലഭാഷ കണ്ടെത്താൻ ശ്രമിക്കുന്ന നോസ്ട്രറ്റിക് സൈദ്ധാന്തികരും ഇൻഡോയൂറോപ്യനെ അപേക്ഷിച്ച് ദ്രാവിഡപ്പഴമ അവകാശപ്പെടുന്നുണ്ട്. ഇന്ത്യയിലെ ജനിതകരഹസ്യം പൂർണമായും ബോദ്ധ്യപ്പെടാൻ ഹാരപ്പാമനുഷ്യരുടെ ജനിതകപഠനം കൂടി പൂർത്തിയാകേണ്ടതുണ്ട്. നിലവിലെ തെളിവുകളുടെ അടിസ്ഥാനത്തിൽ കൃഷ്ണ-ഗോദാവരീപ്രദേശമാണ് ഈ പൂർവ്വദ്രാവിഡരുടെ ആവാസകേന്ദ്രം. അവിടെനിന്നാണ് ദ്രാവിഡർ പിരിഞ്ഞത്. എന്നാൽ കുമാരിക്കണ്ടം /ലെമൂറിയ ആഫ്രിക്കയുമായി ചേർന്നുകിടന്ന ഗോണ്ട്വാനയുടെ ഭാഗമാണെന്നും വാദമുണ്ട്. ദ്രാവിഡത്തിന്റെ ആദിഭാഷാസ്ഥാനം അംഗീകരിക്കാൻ കഴിഞ്ഞില്ലെങ്കിലും ആസ്ട്രേലിയൻതദ്ദേശവാസികളുമായുള്ള ദ്രാവിഡബന്ധം ജനിതകമായി തെളിഞ്ഞിട്ടുണ്ട്. സംസ്കൃതവും ദ്രാവിഡവും ഒരുകാലത്ത് ഒരുമിച്ചായിരുന്നുവെന്ന സ്വാമികളുടെ നിരീക്ഷണത്തിനും പ്രസക്തിയുണ്ട്. നോസ്ട്രറ്റിക് സിദ്ധാന്തപ്രകാരം ഇത്തരമൊരു അവസ്ഥയുണ്ട്. ജനിതകപൈതൃകത്തിലും ഇത്തരമൊരു കലർപ്പുകാണുന്നുണ്ട്. വരുംകാലങ്ങളിലെ ഗവേഷണങ്ങൾക്കു മാത്രമേ ഈ സമസ്യ പൂരിപ്പിക്കാനാകൂ. അതായതു സ്വാമികളുടെ നിരീക്ഷണങ്ങളിൽ അബദ്ധങ്ങളല്ല, സുബദ്ധങ്ങളാണധികവും. കാലംകൊണ്ടുണ്ടായ ചില പരിഷ്കാരങ്ങളും സൂക്ഷ്മവത്കരണവും അംഗീകരിക്കാമെങ്കിലും സ്വാമികളുടെ നിരീക്ഷണങ്ങളെ അപ്പാടേ തള്ളിക്കളയാൻ ആവില്ല.

ആദിഭാഷാസിദ്ധാന്തത്തിന് ഇന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. ലോകഭാഷകളുടെയെല്ലാം മൂലഭാഷ ദ്രാവിഡമാണെന്നു സമ്മതിക്കാനാവില്ല.

എന്നാൽ അതു സംസ്കൃതവുമല്ല. സംസ്കൃതത്തെ അപേക്ഷിച്ച് ആദിഭാഷ ദ്രാവിഡമാണെന്ന വാദം തള്ളിക്കളയാനുമാവില്ല. സംസ്കൃതത്തിന്റെ അധീശത്വത്തിനെതിരെയുള്ള ചാട്ടുളിപ്രയോഗമായിവേണം സ്വാമികളുടെ ഈ നിരീക്ഷണത്തെ ഇന്നു കാണാൻ.

ഉച്ചാരണപ്രയത്നം മുൻനിർത്തിയുള്ള ന്യായം ഉച്ചാരണലാളിത്യത്തെ ഭാഷയുടെ പിറവിയും പഴമയുമായി ബന്ധപ്പെടുത്തുന്നു. ഉച്ചാരണപ്രയത്നത്തിന്റെ അടിസ്ഥാനത്തിലുള്ള ദർശനമാണിത്. പൂർണമായും തള്ളിക്കളയാനാവാത്ത ഒരു ആശയമാണിത്. എന്നാൽ നാളിതുവരെയുള്ള ഭാഷാശാസ്ത്രപഠനങ്ങൾ ഇത്തരമൊരു ആശയത്തെ പരിശോധിച്ചിട്ടില്ല. ഘടനാലാളിത്യം ഭാഷാപിറവിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചില ചർച്ചകൾ നരവംശഭാഷാശാസ്ത്രത്തിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ടെങ്കിലും, ആദിവാസിഭാഷകൾക്കിടയിൽ നടന്ന പഠനങ്ങളുടെ വെളിച്ചത്തിൽ അത്തരം ഊഹങ്ങളൊക്കെ തള്ളിക്കളഞ്ഞിട്ടുണ്ട്. എല്ലാഭാഷയിലും ലളിതവും സങ്കീർണവുമായ ഘടനകൾ ഉണ്ടെന്നാണ് ആധുനികഭാഷാശാസ്ത്രത്തിന്റെ വിലയിരുത്തൽ. ആവശ്യാനുസരണം ഘടനാസ്വഭാവത്തിൽ വ്യത്യാസം വരാറുമുണ്ട്. അവികസിത-വികസിതഭാഷകൾ എന്നൊക്കെ വർഗീകരിക്കുന്നതു ലളിത-സങ്കീർണദ്വന്ദ്വത്തിന്റെ അടിസ്ഥാനത്തിലല്ല.ആദ്യകാലഭാഷാസ്വഭാവങ്ങൾ നിലനിർത്തുന്നവയും പരിഷ്കരിച്ചുമുന്നേറുന്നവയും ഭാഷകൾക്കിടയിലുണ്ട്. സ്വാമികൾ മുന്നോട്ടുവച്ച ഉച്ചാരണ ലാളിത്യം ഭാഷാസ്വത്വമായിക്കണ്ടാൽ ആദിഭാഷാപദവിക്കു തമിഴിന് അർഹതയില്ല. എന്നാൽ ഈ സ്വത്വം ഭാഷോത്ഭവം മുതൽ മാറ്റങ്ങളൊന്നും കൂടാതെ തമിഴ് സംരക്ഷിച്ചുപോന്നുവെന്ന് അംഗീകരിക്കണമെങ്കിൽ രണ്ടുകാര്യങ്ങളിൽ ശാസ്ത്രീയമായ തീർപ്പുണ്ടാകേണ്ടതുണ്ട്. ഒന്ന്, ലോകഭാഷകളെല്ലാമായി തമിഴ്ലാളിത്യം താരതമ്യം ചെയ്യണം. അതുവഴി ആദിവാസിഭാഷകളുൾപ്പെടെയുള്ളവ തമിഴിന്റെ അക്ഷരക്രമത്തെക്കാൾ സങ്കീർണഘടന ഉള്ളതാണെന്നു കണ്ടെത്തണം. ഇത്തരത്തിലുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. അതോടൊപ്പം ആദിഭാഷ എന്ന സാധ്യത ശാസ്ത്രീയമായി തെളിയിക്കപ്പെടേണ്ടതുമുണ്ട്. അക്ഷരസംഖ്യയുടെ അടിസ്ഥാനം പഴമ നിർണയിക്കില്ല. ആധുനികമനുഷ്യർ ജന്മമെടുത്ത ആഫ്രിക്കയിലെ ഭാഷകളെക്കാൾ സ്വനിമങ്ങളുടെ എണ്ണം കുറവുള്ള ഭാഷകൾ സൗത്ത് അമേരിക്കയിലുണ്ട്. സൗത്ത് അമേരിക്കയിലെ പിരാഹ ഭാഷയിലും ന്യൂ ഗിനിയയിലെ റോട്ടോകാസ് ഭാഷയിലും പതിനൊന്നു സ്വനിമങ്ങളേയുള്ളൂ. ആ നിലയ്ക്ക് അക്ഷരസംഖ്യ ഒരു മാനദണ്ഡമായി സ്വീകരിക്കാനാവില്ല. സ്വാമികൾ പറയുന്നതുപോലെ സ്വരവ്യഞ്ജനവ്യവസ്ഥയുടെ അടിസ്ഥാനം പരിണാമപരമായി ശിശുഭാഷയിൽ തെളിയിക്കപ്പെടുകയും വേണം. ഇതൊക്കെ വരുംകാലങ്ങളിൽ മാത്രമേ തെളിയുകയുള്ളൂ. മനുഷ്യർ എന്നുമുതലാണു ഭാഷ ഉപയോഗിച്ചുതുടങ്ങിയതെന്നോ ശരീരം ഉച്ചാരണസന്നദ്ധമായതെന്നോ ഇനിയും കണ്ടെത്താനായിട്ടില്ല. ഈ വഴിക്കുള്ള ഗവേഷണങ്ങൾ മുന്നേറുന്നുണ്ട്. ഉച്ചാരണലാളിത്യം പ്രധാനമായ ഒരു ഘടകമായി

തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ ആപേക്ഷികത തള്ളിക്കളയാനാവി ല്ല. ഉദാഹരണമായി ദന്ത്യ-വത്സ്യനകാരങ്ങളുടെ ഉച്ചാരണം മലയാളികൾ ക്ക് ലളിതമാണ്. എന്നാൽ മറ്റുള്ളവർക്ക് ഇത് അതികഠിനമാണ്. എങ്കിലും ലാളിത്യത്തിൽനിന്നു സങ്കീർണതയിലേക്കെന്ന ഡാർവിന്റെ പരിണാമ ത്തിന് വിമർശനങ്ങളുണ്ടെങ്കിലും ഇന്നും ശാസ്ത്രലോകം അംഗീകരിക്കുന്നു ണ്ട്. സ്വാമികളും ഈ തത്ത്വം ആദിഭാഷാഗണനയിൽ പ്രയോജനപ്പെടുത്തി യിട്ടുണ്ട്. ആര്യദ്രാവിഡസ്വത്വനിർണയസന്ദർഭത്തിൽ ചേർത്തുവയ്ക്കുമ്പോൾ സ്വാമികൾ മുന്നോട്ടുവച്ച ഭാഷാദർശനത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല.

മുന്നോട്ടുവച്ച തമിഴ്-സംസ്കൃതതാരതമ്യപരികല്പനയ്ക്കുള്ളിൽ സ്വാമികളു ടെ ന്യായവാദങ്ങൾ തെറ്റല്ല. ഇന്നത്തെ ജ്ഞാനവ്യസ്ഥയുമായി ബന്ധപ്പെ ടുത്തി പരിശോധിക്കുമ്പോൾ ചില പരിഷ്കാരങ്ങൾ ആവശ്യപ്പെടുന്നുണ്ട്. അതോടൊപ്പം ഇനിയും തീർപ്പുകല്പിക്കാൻ ചിലതു ബാക്കിയുമുണ്ട്. ചുരുക്ക ത്തിൽ സ്വാമികളുടെ ഭാഷാപഠനപ്രസക്തി നഷ്ടമായിട്ടില്ല.

**മലയാളഭാഷാസന്ദർഭത്തിലെ പ്രസക്തി**

തമിഴിന്റെ വകഭേദമാണു മലയാളം എന്ന പക്ഷമായിരുന്നു സ്വാമി കൾക്കുണ്ടായിരുന്നത്. മലയാളത്തെസ്സംബന്ധിച്ചുള്ള അധികം പഠനങ്ങൾ സ്വാമികൾ ചെയ്തിട്ടില്ലെങ്കിലും ഗുണ്ടർട്ടിനുശേഷം സാമൂഹികഭാഷാശാസ്ത്ര മേഖലയിൽ ചില പഠനങ്ങൾ നടത്തിയിട്ടുണ്ടെന്നു സമ്മതിച്ചേ മതിയാകൂ. അക്കാലത്തു സാമൂഹികഭാഷാശാസ്ത്രം രൂപപ്പെട്ടിരുന്നില്ലെന്നു പ്രത്യേകം ഓർക്കേണ്ടതാണ്.

കേരളത്തിലെ ദേശനാമങ്ങളെ പഠിക്കുന്നതിന്റെ സന്ദർഭം ഇന്നും പ്രസക്തി നഷ്ടപ്പെടാത്ത വിധത്തിൽ സ്വാമികൾ വ്യക്തമാക്കുന്നുണ്ട്: 'വി ദേശീയരുടെ ആഗമനത്താൽ ഭാരതത്തിലെ മിക്ക ദേശങ്ങളിലെയും നാ മങ്ങളെ മാറ്റി പുതിയ പേരുകൾ കൊടുത്തിട്ടുണ്ടെന്നു കാണാവുന്നതാണ്. ഇതുപോലെ ഭാരതഖണ്ഡത്തിന്റെ തെക്കേ അറ്റത്തുള്ള മലയാളദേശത്തിലും എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ എന്നു നോക്കാം'.

ദേശനാമത്തിന്റെ ഉത്ഭവം മൂന്നുവിധത്തിലാണെന്നു കണ്ടെത്തി സ്വാമി കൾ വിവരിച്ചു. ഭൂമിയുടെ ഗുണവും കിടപ്പും പ്രഭുക്കന്മാരുടെ സ്ഥാനമാനങ്ങൾ, ക്ഷേത്രദേവനാമങ്ങൾ എന്നിവ അനുസരിച്ചാണു ദേശനാമങ്ങൾ ഉണ്ടായിരു ന്നതെന്നും അവയിൽ സംസ്കൃതത്തിന്റെ കലർപ്പുണ്ടെന്നും അദ്ദേഹം വ്യക്ത മാക്കി. ഓരോന്നിന്റെയും തദ്ദേശീയതയും പരിണാമവും വെളിപ്പെടുത്തുന്ന പഠനമായിരുന്നു ഇത്. ഗുണ്ടർട്ട് സ്ഥലനാമപഠനമായി പ്രത്യേകിച്ചുപഠിച്ചി ട്ടില്ല. ചില വിശദീകരണങ്ങൾ നിഘണ്ടുവിൽ കാണാം എന്നു മാത്രം. ആനി ലയ്ക്കു മലയാളത്തിലെ ആദ്യത്തെ സ്ഥലനാമപഠനം സ്വാമികളുടേതാണ്.

മലയാളത്തിലെ സ്ഥാനനാമങ്ങളെക്കുറിച്ചുള്ള പഠനവും സ്വാമികളു ടേതായിട്ടുണ്ട്. പ്രഭുത്വംകൊണ്ടും പ്രവൃത്തികൊണ്ടുമാണ് ഇത്തരം നാമങ്ങ ളുണ്ടാകുന്നതെന്ന് അദ്ദേഹം കണ്ടെത്തുന്നു. നായൻ, നായനാർ, നായന്മാർ സാമന്തൻ, തിരുമയ്പ്പാട്, പോരളമാതിരി, ഉണ്ണിനമ്പി, മന്നാടിയാർ തുടങ്ങി

കോഴിക്കോട്ടും കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള വിവിധസ്ഥാനപ്പേരുകൾ വട്ടെഴുത്തുഗ്രന്ഥങ്ങളിൽനിന്നവരെ ശേഖരിച്ച് അപഗ്രഥനംനടത്തി. ഇതൊരു ഭാഷാപഠനമേഖലയായി മലയാളത്തിൽ ആദ്യമായി അവതരിപ്പിച്ചതു സ്വാമികളായിരുന്നു. പ്രാചീനമലയാളം രണ്ടാംഭാഗത്തിൽ ബ്രാഹ്മണജാതിയിലെ ഉപജാതികളുടെയും അമ്പലവാസിവിഭാഗങ്ങളുടെയും ജാതിനാമങ്ങളുടെ ഉത്ഭവവും പൊരുളും പരിശോധിച്ചറിഞ്ഞു. പ്രാചീനമലയാളം ഒന്നാംഭാഗത്തിൽ ശൂദ്രശബ്ദപരിശോധനയും നടത്തിയിട്ടുണ്ട്.

പാദപാഠങ്ങളായി പറയാവുന്ന പ്രസ്തുതപഠനങ്ങളോടൊപ്പം നിഷ്പത്തിപരമായും അർത്ഥപരമായുമുള്ള ധാരാളം വിശദീകരണങ്ങൾ എല്ലാ പഠനങ്ങളിലും (സവിശേഷമായി നിജാനന്ദവിലാസം, പ്രാചീനമലയാളം) കാണാം.

പുരാവൃത്തവിശകലനത്തിന്റെയും വ്യവഹരാപഗ്രഥനത്തിന്റെയും അപനിർമാണത്തിന്റെയും അടിസ്ഥാനമാതൃകകൾ മലയാളത്തിൽ അവതരിപ്പിച്ചതു സ്വാമികളായിരുന്നു. കേൾക്കുമ്പോൾ അതിശയോക്തിയായി തോന്നുമെങ്കിലും വാസ്തവം അതാണ്. ലെവിസ്ട്രൗസിനു മുൻപേ പുരാവൃത്താപഗ്രഥനം നടത്തിയതു സ്വാമികളാണ്. ഘടനാവാദത്തിന്റെ ചുവടുപിടിച്ച് 1950 കളിലാണു ലെവിസ്ട്രൗസ് പുരാവൃത്തപഠനങ്ങളിലെത്തുന്നത്. 1913 ൽ പ്രസിദ്ധീകരിച്ച പ്രാചീനമലയാളത്തിൽ സ്വാമികൾ പുരാവൃത്തപഠനം പൂർത്തിയാക്കിയിരുന്നു. പരശുരാമപുരാവൃത്തത്തിന്റെ പഠനമായിരുന്നു അത്. പരശുരാമൻ സമുദ്രനിഷ്കാസനംകൊണ്ടു മലയാളഭൂമിയെ വീണ്ടെടുത്തു ബ്രാഹ്മണർക്കു ദാനംചെയ്തു ഈ കഥയെ കാര്യകാരണസഹിതം ഘടനാബന്ധം പിരിച്ചെടുത്തു കൃത്രിമവ്യവഹാരമാണെന്നു സ്വാമികൾ യുക്തിയുക്തം തെളിയിച്ചു. വേദാധികാരനിരൂപണത്തിൽ പൂർവ്വപക്ഷവ്യവഹാരങ്ങളെ അപനിർമിച്ചു ബദൽവ്യവഹാരനിർമിതി നടത്തി.

മലയാളത്തിലെ ആദ്യത്തെ സ്ത്രീപക്ഷ എഴുത്തും സ്വാമികളുടേതാണ്. പ്രപഞ്ചത്തിൽ സ്ത്രീ-പുരുഷന്മാർക്കുള്ള സ്ഥാനം എന്ന പ്രബന്ധത്തിൽ 'വന്ദ്യഗാത്രികൾ' എന്നാണു സ്വാമികൾ സ്ത്രീകളെ സംബോധനചെയ്യുന്നത്. മനുസ്മൃതിയിലെ 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന വ്യവഹാരത്തെ അപനിർമിച്ചു. "അല്ലാതെ മൂഢമതികൾ പറകയും ആചരിക്കുകയും ചെയ്യുംവണ്ണം 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നു കല്പിച്ചു കൂട്ടിലിട്ട കിളിയെപ്പോലെ അവളെ അജ്ഞയും അസ്വതന്ത്രയുമായ അടിമയായും കേവലം പുത്രോത്പാദനത്തിനുള്ള ഒരു യന്ത്രമായും കരുതുകയും പുരുഷൻ എന്തു തോന്ന്യാസവും കാണിക്കാമെന്നുള്ള ഗർവോടുകൂടി സകലകാര്യങ്ങളും ശരിയായി ഭരിക്കാൻ തനിക്കേ കെല്പുള്ളുവെന്നു ശഠിക്കയും ചെയ്യുന്നതു തെറ്റും, ന്യായത്തിനും ധർമ്മത്തിനും കാര്യത്തിനും ഏറ്റവും വിരുദ്ധവുമാകുന്നു".

ചുരുക്കത്തിൽ, സ്വാമികൾ ദ്രാവിഡഭാഷാശാസ്ത്രത്തിലും മലയാളഭാഷാശാസ്ത്രത്തിലും സംഭാവനകൾചെയ്ത ഭാഷാശാസ്ത്രജ്ഞനാണെന്നതിൽ സംശയത്തിനിടമില്ല. നാം നേരേചൊവ്വേ മനസ്സിലാക്കാതെ പോയി എന്നേയു

ള്ളൂ. അദ്ദേഹം അവതരിപ്പിച്ച ഗവേഷണരീതിശാസ്ത്രം എന്നും മലയാളത്തിന് അഭിമാനിക്കാവുന്നതുമാണ്. സ്വാമികളിലെ ഭാഷാശാസ്ത്രബോധം എല്ലാ രചനകളിലും പ്രകടമാണ്. സ്വാമികൾ അവതരിപ്പിച്ച പല ആശയങ്ങൾക്കും ഉപരിഗവേഷണസാധ്യത ഏറെയുണ്ട്. സ്വാമികളിലെ ഭാഷാശാസ്ത്രജ്ഞനെ ഈ പ്രബന്ധം പൂർണമായും പുറത്തുകൊണ്ടുവന്നിട്ടില്ലെങ്കിലും അദ്ദേഹം ഭാഷാശാസ്ത്രജ്ഞനാണ് എന്നു സ്ഥാപിക്കാൻ ഈ പഠനത്തിനു കഴിഞ്ഞിട്ടുണ്ട്. സ്വാമികളുടെ ഭാഷാശാസ്ത്രം ജനപക്ഷശാസ്ത്രമാണെന്നു തുടർന്നുള്ള സ്വാമികളുടെ പ്രസ്താവനയിൽനിന്നു വ്യക്തമാണ്. 'വാക്കുകൾ മാത്രമല്ല, എഴുത്തുകൾപോലും നിർമ്മിക്കുന്നതു ജനങ്ങളാണ്. എഴുത്തുകൾ ഉത്ഭവിക്കുന്നതിനുള്ള കാരണമായിരിക്കുന്നതു ജനങ്ങൾ ഉപയോഗിക്കുന്ന വാക്കുകൾ അത്രേ. വൈയാകരണന്മാരല്ല, ജനങ്ങളാണു വ്യാകരണനിയമങ്ങളുടെ പോലും നിർമാതാക്കൾ' എന്നിങ്ങനെ പല സ്ഥലങ്ങളിലായി സ്വാമികൾ പറഞ്ഞുവയ്ക്കുന്ന നിലപാടുകൾ പ്രത്യേകം പഠനാർഹമാണ്. ഭാവിപഠനങ്ങൾ ചട്ടമ്പിസ്വാമികളിലെ ഭാഷാശാസ്ത്രജ്ഞനെ കൂടുതൽ ആഴത്തിൽ വെളിപ്പെടുത്തുമെന്നു പ്രത്യാശിക്കാം.

## ഗ്രന്ഥസൂചി


Caldwell, Robert. 1856. A Comparative Grammar of the Dravidian or South Indian Family of Languages. London: Kegan, Paul, Trench, Trubner.

Ellis, Francis Whyte. 1816. 'Note to the Introduction'. In Campbell, Alexander D. 1816. A Grammar of the Teloogoo Language, commonly termed the Gentoo, peculiar to the Hindoos inhabiting the North Eastern provinces of the Indian Peninsula. Madras: College Press of Fort St. George.

കൃഷ്ണൻനായർ, പൂജപ്പുര. 2019. ചട്ടമ്പിസ്വാമികളുടെ ആദിഭാഷാദർശനം.(എഡി). എ എം ഉണ്ണിക്കൃഷ്ണൻ മലയാളഭാഷാപഠനങ്ങൾ: പി കെ പരമേശ്വരൻനായർസ്മാരക ഗ്രന്ഥാവലി -32. കോട്ടയം, കറന്റ്ബുക്സ്.

മഹേശ്വരൻനായർ, കെ. 2016. ചട്ടമ്പിസ്വാമികൾ: ജീവിതവും കൃതികളും, തിരുവനന്തപുരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

ശ്രീതീർത്ഥപാദാശ്രമം 2015 ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും പ്രധാനകൃതികളും, വാഴൂർ, തീർത്ഥപാദാശ്രമം.